# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.20 No.11 കാർത്തികപ്പള്ളി R.No. 7361/02 2020 NOVEMBER

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2018-20 Licence No. KL/CR/MVK/WPP-03/2018-20. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## മനുഷ്യനെക്കാൾ വലുതല്ല മൃഗം

സന്ദർശകർ നൽകിയ ഒരു കാരറ്റ് കഴിച്ചതിനു വെടിവച്ചു കൊല്ലുകയോ?... അതും ഒരു മാനിനെ! വന്യമൃഗങ്ങളെ പേടിപ്പിച്ചാൽ തന്നെ മനുഷ്യൻ അഴിയെണ്ണാൻ വകുപ്പുള്ള നമ്മുടെ നാട്ടിൽ ഇതൊരു ഞെട്ടിക്കുന്ന വാർത്ത തന്നെയാണ്. കേട്ടപാതി കേൾക്കാത്ത പാതി 'വാളെടുക്കുന്ന' മൃഗസ്നേഹികളോട്.... സംഭവം നമ്മുടെ നാട്ടിലല്ല. ഇംഗ്ലണ്ടിലെ കെന്റ് മേഖലയിലെ നോൾ പാർക്കിലാണ് ഏവരുടെയും കരളലിയിപ്പിക്കുന്ന സംഭവം. അതേസമയം, മനുഷ്യനേക്കാൾ വലുതല്ല ഏതു മൃഗവും എന്നു കാണിച്ചുതരുന്ന സംഭവം കൂടിയാണിത്.



മാനിനു കാരറ്റ് നൽകിയ പിക്കിനിക്കിനെത്തിയ കുടുംബമാണ് ദാരുണാന്ത്യത്തെക്കുറിച്ചു സമൂഹമാധ്യമത്തിൽ പോസ്റ്റിട്ടത്. പോസ്റ്റ് നിമിഷങ്ങൾക്കുള്ളിൽ വൈറലായി. അതേസമയം മാനിനെ വെടിവച്ചതിനെ ന്യായീകരിക്കും വിധത്തിലാണ് പാർക്കിന്റെ നടത്തിപ്പുകാരായ നാഷണൽ ട്രസ്റ്റിന്റെ വിശദീകരണം. പാർക്കിലെത്തുന്നവർ ഭക്ഷണം കൊടുത്താൽ മാൻ ആളുകളുമായി ഇണങ്ങാറുണ്ട്. അത് ഇവിടെ വരുന്നവർക്കു പലപ്പോഴും ശല്യവും ഒപ്പം അപകടവും വരുത്താറുണ്ട്. ഭക്ഷണം തേടി അവ സന്ദർശകരെ പിന്നെ ശല്യപ്പെടുത്തും. ഇങ്ങനെ അപകടം വരുത്തിയ മാനിനെയാണ് വെടിവച്ചതെന്നാണ് അധികൃതരുടെ വിശദീകരണം. വെടിവയ്പ്പും ന്യായീകരണവും നമ്മുടെ നാട്ടിലാണെങ്കിൽ എന്തായിരിക്കും സ്ഥിതി... ചിന്തിക്കാൻ പറ്റുമോ...

## തലവര മാറ്റാൻ മസ്ക്



ഗതാഗതത്തിലും ബഹിരാകാശയാത്രയിലും വിപ്ലവം കൊണ്ടുവന്ന ഇലോൺ മസ്ക് മനുഷ്യന്റെ തലച്ചോറിലും കൈവച്ചിരിക്കുകയാണ്. ഇതിനു മുന്നോടിയായി ഗെർട്രൂഡ് എന്നു പേരുള്ള എലിയുടെ തലച്ചോറിൽ നാണയത്തിന്റെ വലുപ്പത്തിലുള്ള ചിപ്പ് ഘടിപ്പിച്ച് തലച്ചോറിന്റെ പ്രവർത്തനം സ്ക്രീനിൽ പ്രദർശിപ്പിച്ചിരിക്കുകയാണ് അദ്ദേഹം. വെബ്കാസ്റ്റിലൂടെയായിരുന്നു പ്രദർശനം. ആഹാരം മണത്തു കണ്ടെത്തുമ്പോഴും കഴിക്കുമ്പോഴും ഗെർട്രൂഡിന്റെ തലച്ചോർ എങ്ങനെ പ്രവർത്തിക്കുന്നെന്ന് കാണികൾ സ്ക്രീനിൽ കണ്ടു. മനുഷ്യ തലച്ചോറിനെ കംപ്യൂട്ടറുകളുമായി നേരിട്ട് ബന്ധിപ്പിക്കാനുള്ള പരീക്ഷണത്തിലെ പുതിയ ചുവടുവെപ്പാണിത്. കഴിഞ്ഞവർഷം അദ്ദേഹത്തിന്റെ സംരംഭമായ ന്യൂറാലിങ്ക് ആവിഷ്ക്കരിച്ച ചിപ്പിന്റെ ലളിതമായ ചെറുരൂപമാണ് എലിയുടെ തലച്ചോറിൽ പിടിപ്പിച്ചത്.

മനുഷ്യവംശത്തിനുതന്നെ വെല്ലുവിളിയാവുമെന്ന് മസ്ക് കരുതുന്ന നിർമിത ബുദ്ധിയോട് ഏറ്റുമുട്ടാൻ കഴിയുന്ന മനുഷ്യനെ സൃഷ്ടിക്കുകയാണ് ന്യൂറാലിങ്കിന്റെ ഉദ്ദേശ്യം.

## ഹ്യൂംബോട്ട്



കൊറോണാ വൈറസ് നൽകിയ പാഠങ്ങളിലൊന്ന് മനുഷ്യർക്ക് എത്ര വേഗം പുതിയ മാറ്റങ്ങൾ ഉൾക്കൊള്ളാനാകുമെന്നതാണ്. പരമ്പരാഗത ജോലിസ്ഥലം എന്ന സങ്കൽപ്പത്തെ വൈറസ് കഴിഞ്ഞ ഏതാനും മാസങ്ങൾക്കുള്ളിൽതന്നെ അട്ടിമറിച്ചത് നാം കണ്ടുകഴിഞ്ഞു. ജോലി എവിടെ ഇരുന്നും ചെയ്യാമെന്നതാണ് അതു നൽകുന്ന പാഠങ്ങളിലൊന്ന്. ഇതോടെ ജോലിസ്ഥലം എന്ന സങ്കൽപ്പം കമ്പനി ഉടമകളും മാറ്റിയേക്കും. ഇപ്പോൾ ബിസിനസ് രംഗത്തും വിദ്യാഭ്യാസരംഗത്തും വരെ സ്ട്രീമിങ് പോലെയുള്ള സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നു. ഇനിവരുന്ന തൊഴിലിടങ്ങളിൽ ജോലിക്കാർ നേരിട്ടു ഹാജരാകേണ്ട അവസരങ്ങൾ ഉണ്ടായേക്കാമെങ്കിലും ഓഫീസും, വെർച്വൽ ഓഫീസും ഒരുമിപ്പിച്ചുള്ള പോക്കായിരിക്കും സുഗമം എന്ന തീരുമാനത്തിലേക്ക് കമ്പനി ഉടമകൾ എത്തിയേക്കും. സംഭാഷണം എഴുതിയെടുക്കുന്ന ടെക്സ്റ്റ്-റ്റു-സ്പീച്ച് സംവിധാനങ്ങളും എഴുതിയ കാര്യങ്ങൾ വായിച്ചു കേൾപ്പിക്കുന്ന സംവിധാനവും കൂടുതലായി ഉപയോഗിക്കപ്പെട്ടേക്കും. ടൈപ്പിങ് അടക്കമുള്ള കാര്യങ്ങൾക്കു ചിലവഴിക്കുന്ന സമയം കൂടുതൽ സർഗാത്മകമായി ഉപയോഗിക്കാൻ സാധിച്ചേക്കും.




ജോലിസ്ഥലം എന്ന സങ്കൽപ്പം മാറുന്ന കവലയിലാണിപ്പോൾ നാം നിൽക്കുന്നത്. പഴയ ഓഫീസ് രീതികളോട് ലോകം ഇവിടെവച്ചു നന്ദിപറഞ്ഞു പിരിയുകയാണ്. പുതിയ വഴിക്കു നീങ്ങാൻ കമ്പനികൾക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഗുണങ്ങൾ ഉപയോഗിച്ചേ പറ്റൂ എന്നാണ് പല വിശകലന വിദഗ്ധരും നിരീക്ഷിക്കുന്നത്. ജോലിക്കാരെയും, നിർമിതബുദ്ധിയേയും പാകത്തിനു സമ്മേളിപ്പിച്ച് തന്ത്രങ്ങൾ മെനയുന്ന കമ്പനികൾക്കായിരിക്കാം ഇനി വിജയം എന്നും നിരീക്ഷിക്കപ്പെടുന്നു. ഇതിലൂടെ കമ്പനികളുടെ പ്രവർത്തനശേഷി പലമടങ്ങു വർധിച്ചേക്കാമത്രെ. അധികം താമസിയാതെ മനുഷ്യരും റോബോട്ടുകൾ അല്ലെങ്കിൽ നിർമിതബുദ്ധിയും സഹകരിച്ചു പ്രവർത്തിക്കുന്ന ഹ്യൂംബോട്ട് (HumBot) (ഹ്യൂമൻ+റോബോട്ട്) സ്ഥാപനങ്ങളായിരിക്കും നാം കാണാൻ പോകുന്നതെന്നാണ് പ്രവചനം.

## മീനുകൾക്കിടയിലെ കോടീശ്വരൻ



ലോകത്തെ ഏറ്റവും വിലപിടിപ്പുള്ള മത്സ്യമായ ബ്ലൂഫിൻ ട്യൂണയെ തന്റെ കാമറയിൽ പകർത്തിയ സന്തോഷത്തിലാണ് റൂപ്പർഡ് കിർക്വുഡ്. 43 മൈൽ വേഗത്തിൽ സഞ്ചരിക്കാനും 3,000 അടിയിൽ കൂടുതൽ മുങ്ങാനും ട്യൂണ മത്സ്യങ്ങൾക്ക് കഴിയും. ഇവ നാലായിരത്തിലേറെ കിലോമീറ്റർ ഒരു വർഷം പിന്നിടുമെന്നാണ് കണ്ടെത്തൽ.

അറ്റ്ലാന്റിക്, മെഡിറ്ററേനിയൻ പ്രദേശങ്ങളിൽ നിന്നുള്ള ഇവയ്ക്ക് 40 വർഷം വരെ ജീവിക്കാം. എഴുത്തുകാരനായ ഏണസ്റ്റ് ഹെമിംഗ് "ട്യൂണയെ" എല്ലാ മത്സ്യങ്ങളുടെയും രാജാവ് എന്നാണ് വിശേഷിപ്പിച്ചത്. യു.കെ.യിൽ ബ്ലൂഫിൻ ട്യൂണയെ പിടിക്കുന്നത് നിയമ വിരുദ്ധമാണ്. ഈ മത്സ്യം വലയിലകപ്പെടുകയാണെങ്കിൽ കടലിലേക്ക് തന്നെ തിരിച്ചയക്കണം. എന്നാൽ ജപ്പാനിൽ അത്തരം നിയമപ്രശ്നങ്ങളില്ല. ഒരിക്കൽ ജപ്പാൻ വിഭവമായ സുഷിയിൽ ഉപയോഗിക്കുന്നതിനായി 278 കിലോഗ്രാം ഭാരമുള്ള ട്യൂണയ്ക്ക് 2.5 മില്യൺ യൂറോ (ഏകദേശം 22 കോടി രൂപ) യാണ് ജപ്പാനിലെ ഒരു ഹോട്ടലുടമ ചെലവഴിച്ചത്. ട്യൂണ മത്സ്യത്തിന്റെ ലഭ്യതക്കുറവാണ് ഇതിന് ഇത്രയും വില മാർക്കറ്റിൽ ലഭിക്കാൻ കാരണം. മാത്രമല്ല ട്യൂണ മത്സ്യത്തെ പിടികൂടുന്നതും ഇതിന്റെ കയറ്റുമതിയും പല രാജ്യങ്ങളും നിരോധിച്ചിരിക്കുകയാണ്.



## ക്യുപ്പറോടൊപ്പം പൈപ്പ്

നീളവും വണ്ണവുമുള്ള ഒരു കുഴൽ. അതിന്റെ മുന്നിൽ നിന്നുകൊണ്ട് ഒരാൾ സാക്സഫോൺ വായിക്കുന്ന വീഡിയോ ഈയിടെ വൈറലായി. ആർമിൻ ക്യൂപ്പർ എന്നാണ് ആ ജർമൻ കലാകാരന്റെ പേര്.

എന്താണ് ഇനിതിനിത്ര പ്രത്യേകത എന്നല്ലേ? സാക്സഫോൺ വായിക്കുന്നത് ക്യൂപ്പർ മാത്രമല്ല എന്നതുതന്നെ! സാക്സഫോണിൽ നിന്നു പുറപ്പെടുന്ന ഓരോ ശബ്ദവും കുഴലിന്റെ അടച്ചുവച്ച മറുവശത്തു പോയി തട്ടി പ്രതിധ്വനിച്ചു തിരിച്ചെത്തും. ക്യുപ്പർ വായിച്ചുകഴിഞ്ഞ് അല്പം കഴിഞ്ഞാണ് കുഴലിന്റെ 'മറുപടി' വരിക. താൻ വായിക്കുന്നതും കുഴലിൽ നിന്നു വരുന്നതും ചേർത്താണ് ക്യുപ്പറുടെ സംഗീതശില്പം എന്നു ചുരുക്കം!

## വിചിത്ര മ്യൂസിയം



പ്രത്യേകിച്ച് ഒരു ആകൃതിയുമില്ലാതെ മുറിച്ചു വച്ചിരിക്കുന്ന ഒരു പാറക്കല്ലു പോലെ തോന്നും. എന്നാൽ ഇതൊരു മ്യൂസിയമാണ്; ജപ്പാനിലെ കഡോകാവ മ്യൂസിയം! അഞ്ചു നിലകളുള്ള ഈ മ്യൂസിയത്തിൽ ആർട്ട് ഗാലറിയും പൂന്തോട്ടവും കോഫി ഷോപ്പുമെല്ലാമുണ്ട്!


## അറിയാനും പറയാനും

ദൈവം സത്യമോ, മിഥ്യയോ? പ്രപഞ്ചം ദൈവം സൃഷ്ടിച്ചു എന്നതിന് എന്താണ് തെളിവ്? ഏകനായ ദൈവം എങ്ങനെയാണ് മൂന്നു ദൈവമാകുന്നത്? ആദാമിന്റെ പാപം മനുഷ്യവർഗ്ഗത്തെ ബാധിക്കുന്നതെങ്ങനെ? മരണാനന്തര ജീവിതത്തിന് എന്ത് സാധ്യത? എന്തു യുക്തി? ആധുനീകയുഗത്തിൽ ബൈബിളിന് എന്ത് ആധികാരികതയും പ്രസക്തിയുമാണുള്ളത്? യേശു ദൈവമാകുന്നതെങ്ങനെ? ഇങ്ങനെയുള്ള ബൈബിൾ വിമർശകരുടെ ചോദ്യങ്ങൾക്കുള്ള മറുപടി എന്തെന്ന് അറിയാനും പറയാനും സഹായിക്കുന്ന പ്രസിദ്ധീകരണങ്ങൾക്ക് ബന്ധപ്പെടുക.

ടൈറ്റസ് കാർത്തികപ്പള്ളി
കേരള - 690516

9847232598
vedabhimani@gmail.com



| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ - Rs. 250 മറ്റ് രാജ്യങ്ങൾ - Rs. 2000 | വേദാഭിമാനി, കേരള 690516 |




# യേശുവും അപരന്മാരും



നമ്മുടെ നാട്ടിൽ തെരഞ്ഞെടുപ്പ് വരുമ്പോൾ യഥാർത്ഥ സ്ഥാനാർത്ഥിക്കൊപ്പം അപരന്മാരും രംഗത്തു വരാറുണ്ട്. 'അപരൻ'-ആരാണയാൾ? പേരുകൊണ്ടും ചിഹ്നം കൊണ്ടും യഥാർത്ഥ ആളിനെപ്പോലെ തോന്നും. എന്നാൽ അയാൾ വ്യാജനാണ്. യഥാർത്ഥ സ്ഥാനാർത്ഥിക്ക് കിട്ടേണ്ട വോട്ടുകൾ തട്ടിയെടുത്ത് അയാളെ തോൽപ്പിക്കുകയാണ് ഈ വ്യാജന്റെ ഉദ്ദേശ്യം.

യേശുവിനെതിരെ സാത്താൻ ഈ തന്ത്രം നേരത്തെതന്നെ രംഗത്തിറക്കിയിട്ടുണ്ട്. ഒന്നാം നൂറ്റാണ്ടിൽപോലും യേശുവിന്റെ അപരന്മാരെക്കുറിച്ച് പൗലൊസിന് സഭയ്ക്ക് മുന്നറിയിപ്പ് നല്കേണ്ടിവന്നു. 'എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു. ഒരുത്തൻ വന്ന് ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ പ്രസംഗിക്കുകയോ നിങ്ങൾക്ക് ലഭിക്കാത്ത വേറൊരു ആത്മാവെങ്കിലും, നിങ്ങൾ കൈക്കൊള്ളാത്ത വേറൊരു സുവിശേഷമെങ്കിലും ലഭിക്കുകയോ ചെയ്യുമ്പോൾ നിങ്ങൾ പൊറുക്കുന്നത് ആശ്ചര്യം' (2 കൊരി. 11:3,4). മറ്റൊരു യേശു, മറ്റൊരു ആത്മാവ്, വേറൊരു സുവിശേഷം- അപരനെ രംഗത്തിറക്കുന്നതിലും വ്യാജ അനുകരണങ്ങൾ ഉണ്ടാക്കുന്നതിലും എത്ര വിദഗ്ധനാണ് 'ഭോഷ്ക്കും ഭോഷ്ക്കിന്റെ അപ്പനുമായ' സാത്താൻ!



'ആരും നിങ്ങളെ തെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ. ഞാൻ ആകുന്നു... എന്നുപറഞ്ഞ് അനേകർ എന്റെ പേരെടുത്ത് വരും' (ലൂക്കോ.21:8) എന്ന് യേശുതന്നെ മുന്നറിയിപ്പ് നൽകിയതും ഓർക്കുക.

നാം തെറ്റിപ്പോകാൻ സാധ്യതയുള്ളതുകൊണ്ടാണല്ലോ 'സൂക്ഷിച്ചു കൊൾവിൻ' എന്ന് യേശു പറഞ്ഞത്. അങ്ങനെയെങ്കിൽ അപരന്മാരാൽ കബളിപ്പിക്കപ്പെടാതിരിക്കുവാൻ നാം എന്താണ് ചെയ്യേണ്ടത്?. യേശുവിനെത്തന്നെ നേരിട്ടറിയുന്നതാണ് തെറ്റിപ്പോകാതിരിക്കുവാനുള്ള ഏകമാർഗ്ഗം. എന്നാൽ യേശുവിന്റെ അത്ഭുതപ്രവൃത്തികളോ, വിടുതലിന്റെ വഴികളോ അറിഞ്ഞാൽ മതി, യേശുവിനെ അറിഞ്ഞില്ലെങ്കിലും സാരമില്ല എന്നാണ് ഇന്ന് പലരുടേയും മനോഭാവം. ആഗ്രഹങ്ങൾ സാധിപ്പിച്ചുതരുന്ന, സമൃദ്ധി പ്രദാനം ചെയ്യുന്ന, സന്തോഷം മാത്രം നൽകുന്ന അപരനാണ് ഇന്ന് മിക്ക വിശ്വാസക്കൂട്ടങ്ങളിലും സ്വീകാര്യൻ. പാപത്തെ ഗൗരവമായിക്കാണുന്ന, ശിഷ്യത്വത്തിന്റെ ക്രൂശ് വഹിക്കാൻ ക്ഷണിക്കുന്ന, ജീവനിലേക്കുള്ള വഴിയും വാതിലും, ഇടുക്കവും, ഞെരുക്കവുമുള്ളതാണെന്ന് പ്രഖ്യാപിക്കുന്ന യഥാർത്ഥ യേശുവിനെ ഇന്ന് ആർക്കും വേണ്ടാതായിരിക്കുന്നു.

എന്നാൽ ദൈവത്തെതന്നെ അറിയുന്നത് വഞ്ചനയ്ക്കെതിരെ ഒരു കവചം പോലെ നമ്മെ സംരക്ഷിക്കും. അതിനു താഴെയാണ് ദൈവത്തിന്റെ വഴികളെയും പ്രവൃത്തികളെയും കുറിച്ചുള്ള അറിവ്. സങ്കീർത്തനം 103 ന്റെ 7 മുതൽ 14 വരെയുള്ള വചനങ്ങൾ നോക്കുക. അവിടെ ഈ മൂന്നു തരത്തിലുള്ള അറിവുകളെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ഒന്ന്: പ്രവൃത്തികളെ അറിയുക. രണ്ട്: വഴികളെ അറിയുക. മൂന്ന്: ദൈവത്തെതന്നെ അറിയുക. യിസ്രായേൽ മക്കൾ ദൈവത്തിന്റെ പ്രവൃത്തികൾ മാത്രം കണ്ടു. മോശെ അവിടെനിന്ന് ഒരു പടി കൂടിക്കടന്ന് പല പ്രവൃത്തികൾ ചേർന്നു രൂപപ്പെടുന്ന വഴിയെ അറിഞ്ഞു (103:7). എന്നാൽ കരുണയും കൃപയും ദീർഘക്ഷമയുമുള്ള ദൈവത്തെ (ദൈവസ്വഭാവത്തെ) തന്നെ അറിയുന്ന കാര്യമാണ് 8 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നത്.

യിസ്രായേൽമക്കൾ ഈജിപ്റ്റിൽ നിന്നു പുറപ്പെട്ടു മുന്നോട്ടു വരുമ്പോൾ ദൈവത്തിന്റെ പല അത്ഭുതപ്രവൃത്തികൾ കാണുകയും അറിയുകയും ചെയ്തു. ഉദാഹരണത്തിന് ചെങ്കടലിന്റെ തീരത്ത് ദൈവം വലിയ അത്ഭുതം പ്രവർത്തിക്കുന്നത് അവർ നേരിൽ കണ്ടു. അതേപ്പറ്റി 'യഹോവ ചെയ്ത ഈ മഹാപ്രവൃത്തി യിസ്രായേല്യർ കണ്ടു. ജനം... യഹോവയിലും അവന്റെ ദാസനായ മോശെയിലും വിശ്വസിച്ചു' (പുറ.14:31) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പക്ഷേ അടുത്ത അദ്ധ്യായത്തിൽ മാറായുടെ മുൻപിൽ എത്തുമ്പോൾ അവർക്ക് ദൈവത്തെ വിശ്വസിക്കണമെങ്കിൽ പിന്നെയും ഒരു അത്ഭുതപ്രവൃത്തി കാണണം! അവിടെയും ദൈവം പ്രവർത്തിച്ചു. പക്ഷേ അടുത്ത പരീക്ഷയുടെ മുൻപിലും അവർ തഥൈവ! ദൈവത്തിന്റെ പ്രവൃത്തികളെ മാത്രം കാണുന്നവരാണവർ.

എന്നാൽ ഒന്നിലേറെ പ്രവൃത്തികളിൽ നിന്ന് ക്രമേണ ദൈവത്തിന്റെ വഴിയെ (ദൈവത്തിന്റെ രീതിയെ, പ്രവർത്തനവിധത്തെ) മനസ്സിലാക്കിയവനായിരുന്നു മോശെ. എന്നാൽ അവിടംകൊണ്ട് നില്ക്കാതെ ദൈവവഴികളെ അറിഞ്ഞുകൊണ്ട് ദൈവത്തെതന്നെ അറിയണമെന്നായിരുന്നു അവന്റെ ആഗ്രഹം. 'ദൈവമേ, അവിടുത്തെ വഴികളെ അറിഞ്ഞുകൊണ്ടു ഞാൻ അങ്ങയെ അറിയുവാൻ ഇടയാക്കണമേ' (show me now thy way that I may know thee) എന്ന മോശെയുടെ പ്രാർത്ഥന ശ്രദ്ധിക്കുക (പുറ.33:13). ദൈവം അവന്റെ പ്രാർത്ഥന കേട്ടതായിട്ടാണ് നാം തുടർന്ന് വായിക്കുന്നത് (പുറ. 33:17-23; ആവ.34:12).

മോശെയെപ്പോലെ ദൈവത്തെ കൂടുതൽ അറിയുവാനുള്ള വാഞ്ഛ പുതിയനിയമത്തിൽ പൗലൊസിലും നമുക്ക് കാണുവാൻ കഴിയും. ഫിലിപ്യർക്ക് ലേഖനം എഴുതുമ്പോൾ ദൈവത്തെ അറിയുവാനുള്ള മാർഗ്ഗവും പൗലൊസ് വ്യക്തമാക്കുന്നുണ്ട്. അതിങ്ങനെയാണ്: 'അവന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട്... അവനെ അറിയേണ്ടതിനും (3:10). അതേ, അവിടുത്തെ മരണത്തോടനുരൂപപ്പെടുന്ന സന്ദർഭത്തിലാണ് ദൈവത്തെ നാം കൂടുതൽ അറിയുന്നത്. പക്ഷേ ഈ ആത്മീയരഹസ്യം എത്രപേർ കണ്ടെത്തിയിട്ടുണ്ട്?. ക്രൂശില്ലാത്ത ഒരു യേശുവിനോട് അനുരൂപപ്പെടാനല്ലേ ഇന്ന് മിക്കവർക്കും ഇഷ്ടം?. എന്നാൽ ക്രൂശില്ലാത്ത യേശു ഒരു അപരൻ ആണെന്ന് നാം തിരിച്ചറിയുമോ?



# സ്വപ്നങ്ങൾ ഇല്ലായിരുന്നെങ്കിൽ



'നിങ്ങൾക്കു ജീവിതത്തെക്കുറിച്ചു സ്വപ്നങ്ങളുണ്ടോ?'. ചോദ്യം വിർജീനിയ സ്റ്റിർ എന്ന സാമൂഹികപ്രവർത്തകയുടേതായിരുന്നു. പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ കുറേപ്പേരോടായിരുന്നു ചോദ്യം. ജീവിക്കാൻ നിർവാഹമില്ലാതെ അലഞ്ഞ അവർ ഗവൺമെന്റിന്റെ കാരുണ്യം കൊണ്ടാണു കഴിഞ്ഞിരുന്നത്.

അവർക്കിടയിൽ വെളുത്തവരും കറുത്തവരും ഉണ്ടായിരുന്നു. വിദ്യാഭ്യാസമുള്ളവരും ഇല്ലാത്തവരും ഉണ്ടായിരുന്നു. പുരുഷന്മാരും സ്ത്രീകളുമുണ്ടായിരുന്നു.

ചോദ്യം കേട്ട് എന്തു പറയണമെന്നറിയാതെ മിഴിച്ചിരിക്കുമ്പോൾ വിർജീനിയ അവരുടെ കണ്ണുകളിലേക്കു നോക്കി വീണ്ടും ചോദിച്ചു: 'ജീവിതത്തെക്കുറിച്ചു നിങ്ങൾക്കു സ്വപ്നങ്ങളുണ്ടോ?'.

അപ്പോൾ അവരിലൊരാൾ പറഞ്ഞു: 'സ്വപ്നങ്ങളോ? ഇല്ല. ഞങ്ങൾക്കു ജീവിതത്തെക്കുറിച്ചു സ്വപ്നങ്ങളൊന്നുമില്ല.'



ഉടനെ വിർജീനിയ അവരോടു ചോദിച്ചു: 'നിങ്ങൾ കുട്ടികളായിരുന്നപ്പോൾ ജീവിതത്തിൽ എന്തൊക്കെയോ ആകണമെന്നു മോഹമില്ലായിരുന്നോ? കൗമാരപ്രായത്തിൽ നിങ്ങൾ മനക്കോട്ടകൾ കെട്ടിയിട്ടില്ലേ?'.

വിർജീനിയയുടെ ചോദ്യങ്ങൾ അത്ര രസിക്കാത്തമട്ടിൽ ഒരു സ്ത്രീ പറഞ്ഞു: 'സ്വപ്നങ്ങൾകൊണ്ട് എന്തു ചെയ്യാൻ സാധിക്കുമെന്ന് എനിക്കറിയില്ല. ജീവിക്കാൻ നിവർത്തിയില്ലാത്തവർ സ്വപ്നം കണ്ടിട്ടെന്തു കാര്യം? ഇങ്ങനെയുള്ള മറുപടികളിൽ തളരാതെ വിർജീനിയ ആഴ്ചതോറും സമ്മേളിച്ചു ജീവിതത്തിലെ സ്വപ്നങ്ങളെയും പ്രശ്നങ്ങളെയുംകുറിച്ച് ചർച്ച ചെയ്ത് ഉറച്ച തീരുമാനങ്ങളെടുത്തു. അത്ഭുതാവഹമായിരുന്നു അതിന്റെ ഫലം. ഗുണംപിടിക്കുകയില്ലെന്നു സമൂഹം കരുതി അവഗണിച്ചിരുന്ന ഒരു കൂട്ടം ആളുകൾ വളരെവേഗം ആത്മവിശ്വാസം കൈവരിച്ചു തങ്ങളുടെ ജീവിതത്തെ ശരിയായ പാതയിലൂടെ തിരിച്ചുവിടാൻ തുടങ്ങി. അവരെല്ലാവരും ചുരുങ്ങിയ സമയംകൊണ്ട് ഓരോരോ ജോലികളും കണ്ടെത്തി.

ഇത് അമേരിക്കയിലെ ഒരു ചെറിയ പട്ടണത്തിൽ പ്രവർത്തിച്ച വിർജീനിയ എന്ന സാമൂഹിക പ്രവർത്തക പറയുന്ന കഥയാണ്. ജീവിതത്തെക്കുറിച്ചു സ്വപ്നങ്ങൾ കാണാൻ എല്ലാവർക്കും അവകാശവും അവസരവുമുണ്ടെന്നു വിശ്വസിക്കുന്നയാളാണു വിർജീനിയ. ഒട്ടേറെപ്പേരെ അവരുടെ ജീവിതത്തിൽ കൈപിടിച്ചുയർത്തിയ വിർജീനിയ നിരന്തരം ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. അതിതാണ്, 'നിങ്ങൾക്കു ജീവിതത്തെക്കുറിച്ചു സ്വപ്നങ്ങളുണ്ടോ?'.

നാമും ഇടയ്ക്കിടെ സ്വയം ചോദിക്കേണ്ട ചോദ്യമാണിത്. നമ്മുടെ ജീവിതത്തിൽ കാര്യങ്ങൾ സാമാന്യം ഭംഗിയായിട്ടായിരിക്കും പോകുന്നത്. ഉണ്ണുന്നതിനും ഉടുക്കുന്നതിനുമൊക്കെയുള്ള വക നമുക്കുണ്ടായിരിക്കാം. സമൂഹത്തിൽ നിലയും വിലയുമൊക്കെ നമുക്കു കാണും. എന്നിരുന്നാലും നമ്മുടെ ജീവിതം മെച്ചപ്പെടണമെങ്കിൽ ജീവിതത്തെക്കുറിച്ചു നല്ല സ്വപ്നങ്ങൾ നമുക്കുണ്ടായേതീരൂ. ഭാവികാലത്തെ സ്വപ്നം കണ്ടു ജീവിതത്തെ ക്രമപ്പെടുത്തുവാൻ മനുഷ്യനു കഴിയണം. ആയിരിക്കുന്ന അവസ്ഥയിൽ നിന്നും ആയിത്തീരേണ്ട അവസ്ഥയിലേക്കുള്ള പ്രയാണത്തിലാണ് നാം. ധാർമ്മികമായി ഉന്നത നിലവാരം പുലർത്തുന്ന വ്യക്തി അതിനനുസൃതമായി ജീവിക്കും. കൃത്യമായി എത്തിച്ചേരേണ്ട സ്ഥലം ബോധ്യമുള്ള വ്യക്തി ആ വാസസ്ഥലത്തേക്കുള്ള കൃത്യമായ വഴി കണ്ടെത്തും. മറ്റൊരു റൂട്ടിൽ ഓടുന്ന വണ്ടിയിൽ കയറി സ്വന്ത താമസസ്ഥലത്തെത്താൻ ശ്രമിക്കില്ല. ഇന്നലെകളിലെ കൃത്യമായ അനുഭവങ്ങളുടെ വെളിച്ചത്തിൽ നാളയിലേക്കു യാത്ര തിരിക്കും.

ബാസ്ക്കറ്റ് ബോൾ കളിക്കുന്നവർ പന്തുമായി ഉയരങ്ങളിലേക്ക് ചാടുമ്പോൾ മുകളിലുള്ള വളയവും അതിന്റെ ദ്വാരവും ശ്രദ്ധിക്കും. ഇന്നലെകളിൽ നിന്നും നാളയിലേക്കുള്ള ചാട്ടത്തിൽ വർത്തമാനകാലത്തെ നാം ശ്രദ്ധിക്കണം. നമ്മുടെ വർത്തമാനകാല ജീവിതം നാളത്തെ ജീവിതവുമായി കോർത്തിണക്കിയിരിക്കുന്നു. ഒരു മെഡിക്കൽ വിദ്യാർത്ഥി പഠനത്തിന്റെ ഓരോ നിമിഷത്തിലും എം.ഡി. എടുക്കുന്നതിനുള്ള സ്വപ്നത്തിലാണ് ജീവിക്കുന്നത്.

നിത്യതയെ ലക്ഷ്യമാക്കി ജീവിക്കുന്ന മനുഷ്യന് ഇവിടുത്തെ ഇപ്പോഴത്തെ സുഖസൗകര്യങ്ങൾകൊണ്ടു സന്തോഷിക്കാനാവില്ല. അതിന്റെ ഒന്നാമത്തെ കാരണം ഈ ലോകത്തിലുള്ള എല്ലാ നന്മകളും നല്ല സാധനങ്ങളും ആഗ്രഹത്തിനൊത്ത് കരസ്ഥമാക്കാനാവില്ല. രണ്ടാമതായി ഏതെങ്കിലും ഒന്നിനെ കാര്യമായി പുണരുമ്പോൾ മറ്റു ചിലതിനെ വെടിയേണ്ടിവരും. നിലനിൽക്കുന്നതായ ഒന്നും ഇവിടെ സമ്പാദിക്കാനുമാവില്ല. വയോധികനായ മനുഷ്യന്റെ പക്വതയുള്ള തീരുമാനങ്ങൾ യുവത്വത്തിലെ എടുത്തുചാട്ടത്തിന്റെ തീരുമാനങ്ങളെ തള്ളിപ്പറയും. മൂന്നാമതായി വളരെ സുരക്ഷിതത്വമുള്ള ജീവിതം തിരഞ്ഞെടുക്കുമ്പോൾ ജീവിതത്തിന്റെ സാഹസികതകളെ തിരസ്കരിക്കേണ്ടിവരും. നമ്മുടെ യാത്രയിലെ ദൂരം കാണിക്കുന്ന മൈൽക്കുറ്റികളാണ് നാം അഭിമുഖീകരിക്കുന്ന ഓരോ നിമിഷവും. ജീവിതാനുഭവങ്ങളുമായി നമ്മുടെ പ്രയാണം തുടരുമ്പോൾ തന്നെ ലക്ഷ്യസ്ഥാനത്തെക്കുറിച്ചുള്ള ഒരു ബോധ്യം നമുക്കുണ്ടായിരിക്കണം. ദൈവത്തിൽ വിശ്രാമം കണ്ടെത്തുക എന്ന സ്വപ്നതുല്യമായ ലക്ഷ്യത്തിൽ നാം എത്തിച്ചേരണമെങ്കിൽ വചനാധിഷ്ഠിതമായ വിശ്വാസവും അതിനനുസൃതമായ ജീവിതവും പ്രവർത്തിയും നമ്മിൽ നിന്നുണ്ടാകേണ്ടിയിരിക്കുന്നു.



# ബാലവേദി

## അറിഞ്ഞുപയോഗിച്ചാൽ



**ഒ**രിക്കൽ രാജാവ് നായാട്ടിനായി ഒറ്റയ്ക്ക് കാട്ടിൽ പോയതാണ്. നായാട്ടിനിടെ സമയം പോയത് അറിഞ്ഞില്ല. തിരികെ പോരാൻ നോക്കുമ്പോൾ നേരം ഇരുട്ടി. പുറത്തേക്കുള്ള വഴിയറിയാതെ രാജാവ് കുഴങ്ങി. കുറച്ച് നടന്നപ്പോൾ ഒരു കുടിൽ കണ്ടു. രാത്രി അവിടെ തങ്ങാൻ അനുവദിക്കണമെന്ന് രാജാവ് വീട്ടുകാരനോട് പറഞ്ഞു.

ഒരു പാവപ്പെട്ട കർഷകന്റെ വീടായിരുന്നു അത്. രാജാവിനെ കണ്ടത് കർഷകന് വലിയ സന്തോഷമായി. അയാൾ ബഹുമാനത്തോടെ രാജാവിനെ സ്വീകരിച്ച് നല്ലവണ്ണം സത്കരിച്ചു. രാജാവ് സന്തുഷ്ടനായി. പിറ്റേന്ന് രാവിലെ പോകാൻനേരം സന്തുഷ്ടനായ രാജാവ് കർഷകനോട് പറഞ്ഞു: "പാവപ്പെട്ടവനായിട്ടുകൂടി നല്ല രീതിയിൽ താങ്കൾ എന്ന സത്കരിച്ചു. അതിനുള്ള സമ്മാനമായി വനത്തിന് അതിൽത്തിയിലുള്ള ചന്ദനത്തോട്ടം ഞാൻ താങ്കൾക്ക് തരുന്നു."

കർഷകൻ രാജാവിനോട് നന്ദിപറഞ്ഞു. രാജാവ് മടങ്ങിപ്പോയി.

എന്നാൽ കർഷകന് ചന്ദനമരത്തിന്റെ പ്രാധാന്യമോ അതിന്റെ മൂല്യമോ ഒന്നും അറിയില്ലായിരുന്നു. പിറ്റേന്നു മുതൽ അയാൾ ചന്ദനമരങ്ങൾ വെട്ടി കത്തിച്ച് കരിക്കട്ടയാക്കി. എന്നിട്ട് ആ കരിക്കട്ടകൾ ചന്തയിലെത്തിച്ച് തുച്ഛമായ വിലയ്ക്ക് വിറ്റു.

അങ്ങനെ ഏതാനും ദിവസങ്ങൾകൊണ്ട് ചന്ദരമരങ്ങളുടെ എണ്ണം നന്നേ കുറഞ്ഞു.


ഒരു ദിവസം ചന്ദനമരങ്ങൾ കൂട്ടിയിട്ട് കത്തിച്ചുതുടങ്ങിയപ്പോഴേക്കും മഴ വന്നു. അതോടെ വെള്ളം വീണ് തീ അണഞ്ഞ് മരം പാതി കത്തിയനിലയിലായി. എന്നാലും അയാൾ അതെടുത്ത് വിൽക്കാനായി ചന്തയിലെത്തിച്ചു. ചന്ദനമരങ്ങൾ കണ്ടതോടെ ആളുകൾ ഓടിയെത്തി. കർഷകൻ പ്രതീക്ഷിച്ചതിലും വലിയ വിലയ്ക്ക് ആളുകൾ അതെല്ലാം വാങ്ങിപ്പോയി. ഇത് കണ്ട് കർഷകൻ അത്ഭുതപ്പെട്ടു. പാതി കത്തിയ ചന്ദനത്തടി വാങ്ങാനെത്തിയ ഒരാളോട് കർഷകൻ ചോദിച്ചു; "താങ്കൾ എന്തിനാണ് ഇത്രയും വില തന്ന് ഇത് വാങ്ങുന്നത്?".

"എടോ, ഇത് ചന്ദനമരമാ. വലിയ വിലയുള്ള തടിയാണിത്. തന്റെ പക്കൽ കരിയാത്ത ചന്ദനമരങ്ങളുണ്ടെങ്കിൽ കൊണ്ടുവാ. ഞാൻ ഇതിലും വലിയ വില തരാം."

അയാളുടെ വാക്കുകൾ കേട്ടപ്പോഴാണ് താൻ എന്ത് മണ്ടത്തരമാണ് കാണിച്ചതെന്ന് കർഷകന് മനസ്സിലായത്. വൻവില കിട്ടുമായിരുന്ന എത്രയോ ചന്ദനത്തടികളാണ് താൻ വെറും കരിക്കട്ടയാക്കി തുച്ഛമായ വിലയ്ക്ക് വിറ്റത്. അയാൾ തന്റെ നഷ്ടമോർത്ത് കരയാൻ തുടങ്ങി.

ഇത് കണ്ടുകൊണ്ടാണ് ഒരു സന്ന്യാസി ആ വഴിക്ക് വന്നത്. കാര്യമറിഞ്ഞപ്പോൾ സന്ന്യാസി അയാളെ സമാധാനിപ്പിച്ചു: "നഷ്ടപ്പെട്ടതിനെപ്പറ്റി ഓർത്ത് കരഞ്ഞിട്ട് കാര്യമില്ല. നമ്മുടെ ധനവും സമയവും വളരെ മൂല്യമുള്ളതും വിലപ്പെട്ടതുമാണ്. അത് മനസ്സിലാക്കാതെ നിസ്സാരകാര്യങ്ങൾക്കായി ദുരുപയോഗം ചെയ്ത് കളയുന്നവരാണ് പലരും. എന്നാൽ ഇവയെല്ലാം അറിഞ്ഞ് ഉപയോഗിച്ചാൽ നമുക്ക് ജീവിതത്തിൽ പരാജയം നേരിടേണ്ടിവരില്ല.

ദൈവം നൽകിയിരിക്കുന്ന നമ്മുടെ ജീവിതം നശിപ്പിച്ചുകളയാതെ അതിന്റെ മൂല്യം മനസിലാക്കി അർത്ഥവത്തായ ജീവിതം നയിക്കണമെന്നുള്ളതാണ് കഥാസാരം.



## ആദ്യത്തെ ഷോപ്പിംഗ് മാൾ

**ആ**ദ്യത്തെ ഷോപ്പിങ് മാളിന് നൂറ്റാണ്ടുകൾ പഴക്കമുണ്ട്. ഇന്നത്തെ പല കാര്യങ്ങളും തുടങ്ങിവച്ച റോമാക്കാരാണ് ആദ്യത്തെ ഷോപ്പിങ് മാളും നിർമ്മിച്ചത്.

പ്രാചീന റോമിലെ കൊളോസിയത്തിന് സമീപത്തായിരുന്നു ഈ 'മാൾ'. എ. ഡി. ഒന്നാം നൂറ്റാണ്ടിൽ റോം ഭരിച്ചിരുന്ന ട്രാജൻ ചക്രവർത്തി നിർമ്മാണത്തിന് നേതൃത്വം നൽകിയതുകൊണ്ട് ഇത് 'ട്രാജൻസ് മാർക്കറ്റ്' എന്നറിയപ്പെടുന്നു.

ഇന്നത്തെ ഷോപ്പിങ് മാളുകളിലുള്ള പല സൗകര്യങ്ങളും ട്രാജൻസ് മാർക്കറ്റിലുമുണ്ടായിരുന്നു. 150 കടകൾ, ഓഫീസുകൾ, തുടങ്ങിയവയെല്ലാം ഇതിലുണ്ടായിരുന്നു. കൂടാതെ താമസത്തിന് വേണ്ടിയുള്ള അപ്പാർട്ട്മെന്റുകളും. ഇന്നത്തെ മിക്ക ഷോപ്പിങ് മാളിനോടും ചേർന്ന് ഇത്തരം സംവിധാനങ്ങൾ കാണാമല്ലോ!

അപ്പോളോഡോറസ് ഡമാസ്കസ് എന്ന റോമാക്കാരനാണ് ഈ മാർക്കറ്റ് രൂപകല്പന ചെയ്തത്. ഇഷ്ടികയും പ്രത്യേകതരം കോൺക്രീറ്റുമാണ് ഇതിന്റെ നിർമ്മാണത്തിന് ഉപയോഗിച്ചത്. മാർക്കറ്റിന്റെ മുറ്റത്ത് കരിങ്കല്ല് വിരിച്ച് ഭംഗിയാക്കിയിട്ടുമുണ്ട്.

എ.ഡി. ഒന്നാം നൂറ്റാണ്ടിൽ ട്രാജൻസ് മാർക്കറ്റിന്റെ പണി പൂർത്തിയായി. ട്രാജൻസ് മാർക്കറ്റിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും കാണാം. നിരവധി വിനോദസഞ്ചാരികൾ ഇത് കാണാനെത്തുന്നു.




## ഇംഗ്ലീഷ്



**ക**ല്യാണവീട്ടിൽ ഗോപുവിന് കളിക്കാൻ കിട്ടിയ കൂട്ടുകാർ കൂടുതലും ഗൾഫിൽ നിന്ന് വെക്കേഷന് എത്തിയവരായിരുന്നു. കഴിഞ്ഞ തവണ കണ്ട അമ്മുച്ചേച്ചി ആദ്യം ചോദിച്ചത് ഇങ്ങനെയാണ്:

"Hi Gopu, how have you been?"

ഇവിടെ 'How' എന്ന വാക്കിൽ നിന്നാണ് ചോദിച്ചതെന്തെന്ന് ഗോപു ഊഹിച്ചെടുത്തത്. 'How are you?', 'How do you do?' എന്നതൊക്കെ സുഖാന്വേഷണങ്ങളാണല്ലോ. Let us look at the usage of 'have you been' here:

ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. വീണ്ടും കാണുന്ന ഒരാളോട് മാത്രമാണ് 'How have you been' എന്ന് ചോദിക്കുക. നാം മുൻപ് കണ്ടതിനുശേഷം ഇത്രകാലം നിങ്ങൾ എങ്ങനെയിരിക്കുകയായിരുന്നു എന്നാണുദ്ദേശിക്കുന്നത്. "എവിടെയായിരുന്നിഷ്ടാ ഇത്രേം കാലം?" എന്നൊക്കെ നമ്മൾ ചോദിക്കാറില്ലേ. സംഭവം അതുതന്നെ.


സാധാരണയായി ഇതിനുള്ള ഉത്തരം നമുക്ക് Present Perfect Continuous Tense-ൽ നൽകാം. അതായത് ചോദ്യത്തിലെ have been + continuous form of verb: It denotes an action that began in the past, continues in the present, and may continue in to the future എന്നുവച്ചാൽ, മുൻപ് ചെയ്തുകൊണ്ടിരിക്കുന്നതും ഇപ്പോഴും തുടരുന്നതുമായ ഒരു പ്രവൃത്തി.



We can reply to this question as, 'I have been doing great' or 'I have been busy studying/working', etc.

ഇനി, ഇതൊരു casual talk ആണെങ്കിൽ we can briefly reply like, 'Good!', 'Great', 'Not bad', 'Never been better!' etc.

ഇത്തരത്തിൽ അനൗദ്യോഗികമായി നമുക്ക് ഉപയോഗിക്കാവുന്ന മറ്റ് സുഖാന്വേഷണങ്ങളാണ് 'How's things?', 'How's it going?' എന്നിവ.




## അപോസ്ട്രഫി

കഴിഞ്ഞലക്കം തുടർച്ച

**ഉ**ടമസ്ഥതയെ സൂചിപ്പിക്കുന്ന ചിഹ്നമായതുകൊണ്ട് (Eg: Mohan's book) അപോസ്ട്രഫിക്ക് 'possessive sign' എന്നും പേരുണ്ട്. മലയാളത്തിൽ 'വിധേയക ചിഹ്നം' എന്നും പറയും. അക്ഷരത്തെ പിശുക്കുന്നതുകൊണ്ട് 'ലുപ്താക്ഷരചിഹ്നം' അഥവാ 'ലോപമുദ്ര' എന്നും പേരുകളുണ്ട്. ഇംഗ്ലീഷ് ഗ്രാമറിൽ ഇതിനെക്കുറിച്ച് പഠിക്കുന്നതിന് 'genetive case' എന്നും മലയാള വ്യാകരണത്തിൽ 'സംബന്ധികാവിഭക്തി' അല്ലെങ്കിൽ 'ഷഷ്ഠിവിഭക്തി' എന്നു പറയും. രണ്ടു പേരുകൾ (Noun) വരുമ്പോൾ അപോസ്ട്രഫി ഇടേണ്ടത് രണ്ടാമത്തെ പേരിന്റെ കൂടെയാണ്. Eg: 'God and Devil's country' (ദൈവത്തിന്റെ നാട്, ചെകുത്താന്റെയും) ഒന്നിലേറെ 's' വരുന്ന വാക്കാണെങ്കിൽ അപോസ്ട്രഫി കഴിഞ്ഞ് s,വേണ്ട. Sister's marriage, Caesar' justice ഇങ്ങനെ മതി. അചേതന (ജീവനില്ലാത്ത) വസ്തുക്കൾക്ക് അപോസ്ട്രഫിക്ക് പകരം 'of' ആണ് വേണ്ടത്. അതായത് aeroplane's wings എന്നല്ല, wings of aeroplane എന്നാണ് വേണ്ടത്.

മേൽപ്പറഞ്ഞ മൂന്നു സംഗതികളും അപോസ്ട്രഫിയിൽ പരമപ്രധാനമാണ്. 'Ownership mark'എന്നൊരു തമാശപ്പേരു കൂടിയുണ്ട് അപോസ്ട്രഫിക്ക് കേട്ടോ!





# എന്തിനു താമസം? മടങ്ങി വരിക!





**ജീവസന്ദേശം**

ടി.എം. വർഗ്ഗീസ് ഓതറ

ഇന്ന് 'എറിഞ്ഞുകളയുന്ന സംസ്ക്കാരം' നമ്മെ മെല്ലെ കീഴടക്കുകയാണ്. ഒരു സാധനം പ്രയോജനരഹിതമായിപ്പോയാൽ അത് എറിഞ്ഞുകളഞ്ഞു പുതിയതു വാങ്ങി ഉപയോഗിക്കുന്ന കാലമാണിത്. എന്നാൽ ദൈവം ചീത്തയായിപ്പോയത് എറിഞ്ഞുകളയുന്നവനല്ല. മറിച്ച്, അവിടുന്ന് അതു നന്നാക്കി ഉപയോഗിക്കുന്നു. അത് ഒരു സ്ഥലമായാലും ജനതയായാലും വ്യക്തിയായാലും ദൈവത്തിന്റെ മനോഭാവത്തിനു മാറ്റമില്ല.

നോക്കുക: ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. പക്ഷേ അത് പാഴും ശൂന്യവുമായിപ്പോയി! ദൈവം എന്തു ചെയ്തു? പാഴും ശൂന്യവുമായിപ്പോയതിനെ പാടേ ഉപേക്ഷിച്ച് പുതിയതൊന്നു സൃഷ്ടിക്കുകയല്ല ചെയ്തത്. ആ നഷ്ടാവശിഷ്ടങ്ങളിൽ നിന്നുതന്നെ ദൈവം ഭൂമിയെ പുനഃസൃഷ്ടിക്കുന്നതിന്റെ മനോഹരമായ ചിത്രമാണ് ബൈബിളിന്റെ ആദ്യ താളുകളിൽ തന്നെ നമ്മൾ കാണുന്നത്.

ദൈവത്തിന്റെ സ്വന്തജനമായ യിസ്രായേൽ വഴിതെറ്റിപ്പോയപ്പോഴോ? അപ്പോഴും ദൈവം അവരെ ഉപേക്ഷിച്ചുകളയുന്നില്ല. അവരോടുള്ള തന്റെ മനോഭാവം വ്യക്തമാക്കാൻ ദൈവം തന്റെ പ്രവാചകനെ ഒരു കുശവന്റെ വീട്ടിലേക്ക് അയയ്ക്കുന്നു (യിരെമ്യാവ് 18:1-6). കുശവൻ കളിമണ്ണുകൊണ്ട് ഒരു പാത്രം ഉണ്ടാക്കുകയായിരുന്നു. എന്നാൽ ആ പാത്രം അവന്റെ കൈയിൽ ചീത്തയായിപ്പോയി. അപ്പോൾ കുശവൻ ആ പാത്രം ഉടച്ച് അതേ കളിമണ്ണുകൊണ്ടു തന്നെ തനിക്ക് ഇഷ്ടമുള്ള മറ്റൊരു പാത്രം ഉണ്ടാക്കി. .ഉടനേ ദൈവത്തിന്റെ അരുളപ്പാട് ഇങ്ങനെ: യിസ്രായേൽ ഗൃഹമേ, ഈ കുശവൻ ചെയ്തതുപോലെ എനിക്കു നിങ്ങളോടു ചെയ്‌വാൻ കഴികയില്ലയോ?

യോഹന്നാന്റെ പുത്രനായ ശിമോനെ ആദ്യം കണ്ടപ്പോൾതന്നെ യേശു അവന്റെ പേര് കേഫാ അല്ലെങ്കിൽ പത്രോസ് എന്നാക്കി മാറ്റി. യോഹന്നാന്റെ സുവിശേഷം ആദ്യ അദ്ധ്യായത്തിലാണത് (1:42). വാക്കിന്റെ അർത്ഥം 'പാറക്കഷണം' എന്നായിരുന്നു. എന്നാൽ യോഹന്നാന്റെ സുവിശേഷത്തിന്റെ അവസാന അദ്ധ്യായത്തിലേക്കുവരുമ്പോഴും പത്രോസിന് പാറക്കല്ലിന്റെ ഉറപ്പും സ്ഥിരതയും കൈവരുന്നതായി കാണുന്നില്ല. വീണും എഴുന്നേറ്റും ഉള്ള ഒരു യാത്രയായിരുന്നു അവന്റേത്. പിന്മാറ്റവും മടങ്ങിവരവും എത്ര വട്ടം സംഭവിച്ചു?. 'ഞാൻ എന്റെ ജീവനെ നിനക്കുവേണ്ടി വെച്ചുകളയും' എന്നു വീരവാദം പറഞ്ഞശേഷം ഗുരുവിനെ മൂന്നുവട്ടം തള്ളിപ്പറഞ്ഞതാണ് അവന്റെ ജീവിതത്തിലെ ഏറ്റവും ഇരുളടഞ്ഞ അദ്ധ്യായം. പക്ഷേ ആ തോൽവിയുടെ പടുകുഴിയിൽ നിന്ന് കരേറ്റി യേശു അവനെ യഥാസ്ഥാനപ്പെടുത്തിയതിനുശേഷവും വളരെ വേഗം പത്രോസ് പഴയ തൊഴിലിലേക്ക് പിന്മാറിപ്പോകുന്നതാണു യോഹന്നാൻ 21-ാം അദ്ധ്യായത്തിന്റെ തുടക്കത്തിൽ നമ്മൾ കാണുന്നത്. വീഴ്ചകളിൽ നിന്നു പാഠം പഠിക്കാത്ത ഈ ശിഷ്യനെക്കൊണ്ട് മറ്റാരായിരുന്നാലും മടുത്തു പോകുമായിരുന്നു!. 'ഇവൻ നന്നാകുകയില്ല' എന്നു പറഞ്ഞ് അവനെ ഉപേക്ഷിച്ചുകളയുമായിരുന്നു! പക്ഷേ ദൈവത്തിന് തന്റെ സ്വഭാവം ത്യജിപ്പാൻ കഴിയുകയില്ല. യേശു വീണ്ടും അവനെ തേടി ച്ചെല്ലുന്നതും യഥാസ്ഥാനപ്പെടുത്തുന്നതുമാണ് 21-ാം അദ്ധ്യായത്തിന്റെ ഒടുവിൽ നമ്മൾ കാണുന്നത്.

പാഴും ശൂന്യവുമായിപ്പോയ ഭൂമി, ചീത്തയായിപ്പോയ പാത്രം. തള്ളിപ്പറഞ്ഞ് പഴയതൊഴിലിലേക്ക് ഇറങ്ങിപ്പോയ പത്രോസ്-ഇതെല്ലാം വിരൽ ചൂണ്ടുന്നത് ആരിലേക്കാണ്? നമ്മിലേക്കു തന്നെ. യേശുവിനെ അനുഗമിപ്പാൻ ആത്മാർത്ഥതയോടെ ഇറങ്ങിപ്പുറപ്പെട്ടശേഷവും എത്രവട്ടം നാം വീണുപോയി? എന്നിട്ടും മടുത്തുപോകാതെ ദൈവം നമ്മിൽ ആശ വച്ച് നമ്മുടെ പിന്നാലെ വന്നു നമ്മെ കൈയ്ക്കു പിടിച്ച് എഴുന്നേൽപ്പിക്കുകയും മുന്നോട്ടു നടത്തുകയും ചെയ്യുന്നു! ഇത് എന്തുകൊണ്ടാണ്? മറുപടി ഒന്നേയുള്ളൂ-ദൈവം എന്റെ പിതാവാണ്. അതേ, ഒരു പിതാവിന്റെ സ്നേഹത്തിന് തന്റെ പുത്രനെ കൈവിട്ടുകളയുവാൻ മനസ്സില്ല.

നമ്മുടെ ഓരോ തോൽവിയിലും ശത്രു ശ്രമിക്കുന്നത് ഈ സ്നേഹത്തെക്കുറിച്ചുള്ള ഉറപ്പിൽ നിന്നു നമ്മെ വീഴ്ത്തിക്കളയാനാണ്. എന്നാൽ ഓരോ മടങ്ങിവരവിലും നമ്മെ ഈ സ്നേഹത്തിന്റെ ഉറപ്പിലേക്കു പ്രത്യാനയിക്കുകയാണു ദൈവം ചെയ്യുന്നത്.

ധൂർത്തപുത്രന്റെ ഉപമയിൽ ഇളയമകൻ ഇറങ്ങിപ്പോയത് അപ്പന്റെ വീട്ടിൽനിന്നാണ്. അതുകൊണ്ടുതന്നെ ഒരു പാപിയുടെ മാനസാന്തരത്തെക്കാൾ ഒരു പിന്മാറ്റക്കാരന്റെ മടങ്ങിവരവാണ് ഈ ഉപമയുടെ ഇതിവൃത്തം എന്നു ചിന്തിക്കുകയായിരിക്കും ഉചിതം. ഈ കഥയിൽ ധൂർത്തപുത്രനെ ഭവനത്തിലേക്കു മടങ്ങിവരുവാൻ പ്രേരിപ്പിച്ച ചേതോവികാരം എന്താണ്?. അത് മറ്റൊന്നല്ല. അപ്പന്റെ സ്നേഹത്തെക്കുറിച്ചുള്ള ഉറപ്പാണ്. അവനു സുബോധം വന്നപ്പോൾ "ഞാൻ എഴുന്നേറ്റ് എന്റെ അപ്പന്റെ അടുക്കൽ ചെന്ന്... പറയും" എന്നു പ്രസ്താവിക്കുന്ന ഭാഗം ശ്രദ്ധിക്കുക. (മലയാളം വിവർത്തനത്തിൽ 'എന്റെ അപ്പന്റെ കൂലിക്കാർ' എന്നു പറയുന്നുണ്ടെങ്കിലും തൊട്ടടുത്തവചനത്തിൽ 'എന്റെ അപ്പന്റെ അടുക്കൽ ചെന്ന്' എന്ന ഭാഗത്ത് 'എന്റെ' എന്ന വാക്ക് വിട്ടുപോയിരിക്കുന്നു (ലൂക്കോ.15:17,18) നോക്കുക. പന്നിക്കൂട്ടിലാണ് അവന്റെ ഇരിപ്പ്. പരിതാപകരമാണ് അവന്റെ നില. പക്ഷേ എന്റെ അപ്പൻ എന്ന് ആവർത്തിച്ചു പറയുന്നിടത്തെ ആ ഉറപ്പ് നിങ്ങൾ ശ്രദ്ധിച്ചോ?. അതേ, പരാജയത്തിന്റെ നെല്ലിപ്പലകയിലെത്തിയിട്ടും അവനു മടങ്ങിവരുവാൻ കഴിഞ്ഞത് ഈ സ്നേഹത്തെക്കുറിച്ചുള്ള ഉറപ്പ് നഷ്ടപ്പെടാതെ ഇരുന്നതുകൊണ്ടാണ്.

വീണാൽ എഴുന്നേല്ക്കുക. പിന്മാറിയാൽ യഥാസ്ഥാനപ്പെടുക-ഇതാണു ദൈവം വച്ചിരിക്കുന്ന വഴി. ജീവനോടിരിക്കുന്ന കാലത്തോളം പരാജയപ്പെട്ട മനുഷ്യനു പ്രത്യാശയ്ക്ക് വകയുണ്ട്. കാരണം, അവന് എപ്പോൾ വേണമെങ്കിലും മടങ്ങിവരാമല്ലോ! അതുകൊണ്ട് സഭാപ്രസംഗി പറയുന്നു: ചത്ത സിംഹത്തേക്കാൾ ജീവനുള്ള നായ് നല്ലതല്ലോ (9:4). ഉപേക്ഷിച്ച പാപത്തിലേക്ക് വീണ്ടും തിരിയുന്ന പിന്മാറ്റക്കാരനെ സ്വന്ത ഛർദ്ദിയിലേക്കു തിരിയുന്ന നായയോട് പത്രോസ് ഉപമിച്ചിരിക്കുന്നതു ശ്രദ്ധിക്കു (2 പത്രോസ് 2:22). ശരിയാണ് നായയ്ക്ക് സ്വന്ത ഛർദ്ദിയിലേക്കു തിരിയുന്ന വൃത്തികെട്ട സ്വഭാവം ഉണ്ട്. എങ്കിലും ചത്ത സിംഹത്തെക്കാൾ ജീവനുള്ള നായയാണു ഭേദം!

സ്നേഹിതാ, നിങ്ങൾ തോറ്റുപോയി. ഒരിക്കൽ ഉപേക്ഷിച്ച പാപത്തിലേക്കു നായെപ്പോലെ വീണ്ടും തിരിയുകയും ചെയ്തു. എങ്കിലും നിങ്ങൾ ജീവിച്ചിരിക്കുന്നു! തെറ്റിനെക്കുറിച്ച് അനുതപിച്ച് വിശ്വാസത്തോടെ മടങ്ങിവരുമെങ്കിൽ ദൈവം നിങ്ങളെ വീണ്ടും സ്നേഹത്തോടെ സ്വീകരിക്കും. നിങ്ങളുടെ ജീവിതത്തെപ്പറ്റിയുള്ള ദൈവത്തിന്റെ സമ്പൂർണ്ണപദ്ധതി അവിടുന്നു നിറവേറ്റുകയും ചെയ്യും. കാരണം, അവിടുന്നു സ്നേഹവാനായ പിതാവാണ്. മകന്റെ മടങ്ങിവരവിനായി അവിടുന്നു പ്രതീക്ഷയോടെ കാത്തുനിൽക്കുന്നു. അവനെ ഓടിച്ചെന്ന് മാറോടണയ്ക്കാൻ ആ പിതൃഹൃദയം തുടിക്കുകയാണ്. 'വേഗം മേൽത്തരമായ അങ്കി കൊണ്ടുവരുവിൻ' എന്ന ആജ്ഞ പുറപ്പെടുവാൻ പോകുകയാണ്. വിരുന്നുവീട്ടിൽ പിതാവിനോടൊപ്പം ഇരിക്കുന്ന സൗഭാഗ്യകരമായ ജീവിതമാണ് കൈവരുന്നത്. ഇനി എന്തിനു താമസം? 'വരിക' എന്ന് ആത്മാവും മണവാട്ടിയും പറയുന്നു (വെളിപ്പാട് 22:17).



# സത്യവേദപുസ്തകം: അറിഞ്ഞതും അറിയേണ്ടതും



**'Biblia'** എന്ന വാക്കിൽ നിന്നാണ് 'Bible' എന്ന വാക്ക് ഉണ്ടായത്. 'Biblia' എന്ന വാക്കിന്റെ അർത്ഥം ഇംഗ്ലീഷിൽ Books എന്നാണ്. ബൈബിളിനെ നാം വേദപുസ്തകം എന്നു വിളിക്കുന്നു. എന്നാൽ വേദപുസ്തകം എന്ന പേർ ബൈബിളിൽ പറയുന്നില്ല. ബൈബിളിന്റെ പരിഭാഷകന്മാർ സത്യവേദപുസ്തകം എന്ന പേർ നൽകിയെന്നേയുള്ളൂ. വേദം എന്നു പറഞ്ഞാൽ അറിവ് നൽകുന്നത് എന്നർത്ഥം. അറിവുകളുടെ ഒരു ശേഖരമാണ് ബൈബിൾ. എന്നാൽ അറിവ് നൽകുക എന്ന ലക്ഷ്യത്തോടെ രചിച്ചതല്ല ബൈബിൾ. വിവിധ എഴുത്തുകാർ, വിവിധ ഭാഷകളിൽ, വിവിധ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് എഴുതിയ 66 പുസ്തകങ്ങളുടെ സമാഹാരമാണ് നമ്മുടെ കൈകളിൽ ഇപ്പോൾ ഇരിക്കുന്ന ബൈബിൾ. എഴുതിയവരിൽ തന്നെ പലരും അന്യോന്യം കണ്ടിട്ടില്ലായെങ്കിലും ഒരേ വിഷയത്തിന്റെ പലഭാഗങ്ങൾ അവർ ഒരുപോലെ അനാവരണം ചെയ്തിരിക്കുന്നു. ഇങ്ങനെ വിവിധ എഴുത്തുകാർ വിവിധ സാഹചര്യങ്ങളിലും, സ്ഥലങ്ങളിലും, ഭാഷകളിലും, കാലദൈർഘ്യത്തിലും ബൈബിൾ എഴുതിയെങ്കിലും ഇത് ഒരു വ്യക്തിയുടെ ഗ്രന്ഥം പോലെയിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും അത്ഭുതകരമായ വിഷയം. ഇത് ബൈബിളിന് മാത്രം അവകാശപ്പെടാവുന്ന മേന്മയാണ്. ചുരുക്കത്തിൽ 66 ദൈവീക പുസ്തകങ്ങളുടെ സമഗ്രമായ ഒരു ലൈബ്രറിയാണ് ബൈബിൾ എന്നുതന്നെ പറയാം. ലോകത്തോടുള്ള ദൈവത്തിന്റെ ഉദ്ദേശവും ദൈവപ്രവർത്തികളുടെ ആകെ തുകയും ആണ് ബൈബിൾ നമ്മോടു അറിയിക്കുന്നത്. ദൈവം മനുഷ്യന്റെ ഉള്ളിൽ നൽകിയ (Inspiration) ആത്മപ്രേരണയാൽ എഴുതിയതാണ് ബൈബിൾ.

## ബൈബിളിലെ ആലങ്കാരിക ഭാഷകൾ

വിശുദ്ധവേദപുസ്തകം പരിശുദ്ധാത്മ പ്രചോദിതം (Inspired) ആകുന്നു. ഇതിൽ പ്രകൃത്യായുള്ള അർത്ഥത്തിൽ (natural sense) ഗ്രഹിക്കേണ്ട കാര്യങ്ങളോടൊപ്പം ആലങ്കാരിക ഭാഷ (figurative language) ഉപയോഗിച്ചും പല കാര്യങ്ങളും വിവരിച്ചിട്ടുണ്ട്. അല്പംകൂടി വ്യക്തമായി പറഞ്ഞാൽ വേദപുസ്തകത്തിൽ വർണ്ണനാതീതമായതിന് അർത്ഥബോധം ഉളവാക്കുവാൻ വാക്കുകൾകൊണ്ട് ചിത്രങ്ങൾ (pictures in words) വരയ്ക്കാറുണ്ട്. യഹോവ എന്റെ ഇടയനാകുന്നു (സങ്കീ.23:1) എന്ന് ദാവീദ് പറയുമ്പോൾ ദൈവം (യഹോവ) സാക്ഷാൽ ഇടയനാകുന്നു എന്നും, തീർച്ചയായും ആടുകളെ പാലിക്കുന്നവനാണ് എന്നും ഇതിനർത്ഥമില്ല. എന്നാൽ ഇടയൻ തന്റെ ആടുകളെ എപ്രകാരം നിഷ്ക്കളങ്കമായി സ്നേഹിക്കുകയും, സംരക്ഷിക്കുകയും ചെയ്യുന്നുവോ അതുപോലെ ദൈവവും തന്റെ ജനത്തെ എത്രത്തോളം അഗാധമായി സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള വാക്കുകൾകൊണ്ടുള്ള ചിത്രരചനയ്ക്കാണ് ആലങ്കാരിക ഭാഷ എന്ന് പേര് പറയുന്നത്. ആലങ്കാരിക ഭാഷാ പ്രയോഗം പലവിധത്തിൽ ഉണ്ട്.

### 1) സൂചകപദാലങ്കാരം (Metonymy)

സൂചിതപദത്തിന് പകരം ഉപയോഗിക്കുന്ന അലങ്കാരമാണിത്. അതായത് ഉപയോഗിക്കുന്ന പദം അതുമായി ബന്ധപ്പെട്ട് സൂചിതമാകുന്ന മറ്റൊന്നിനെ കാണിക്കുന്നു. 'മെറ്റോനിമിയ' (Metonymia) എന്ന ഗ്രീക്ക് പദം 'മെറ്റ' (meta, മാറ്റത്തെ കാണിക്കുന്നത്). 'ഒനിമ' (Onoma, പേര്) എന്നീ രണ്ട് ഗ്രീക്ക് പദങ്ങളിൽ നിന്നും ഉത്ഭവിച്ചതാണ്. അപ്പോൾ 'മെറ്റോ-നിമിയ' എന്നതിന് 'പേരിൽ ഉള്ള മാറ്റം' എന്നർത്ഥം കൈവരുന്നു. ഉദാഹരണം നരച്ചമുടി=പ്രായം (ലേവ്യ.19:32); ചെങ്കോൽ=രാജത്വം(ഉല്പ.49:10)

### 2) ഉപലക്ഷണാലങ്കാരം (Syneedoche)

മൊത്തമായതിനെ (whole) കാണിപ്പാൻ എന്തിന്റെയെങ്കിലും ഒരു ഭാഗത്തെ കാണിക്കുന്നു. 'സെൻ' (syn= ഒരുമിച്ച്). 'എക്ലെഷെസ്ത്തായ്' (to receive, ലഭിപ്പാൻ) എന്നീ രണ്ട് ഗ്രീക്ക് പദങ്ങൾ ചേർന്ന് ഉണ്ടായതാണ് 'സൈനക്ലോഷെ' (syneedoche) എന്ന വാക്ക്. പ്രസ്തുത പദത്തിന് 'ഒരുമിച്ച് ലഭിപ്പാൻ' എന്നർത്ഥം കല്പിക്കപ്പെട്ടിരിക്കുന്നു. ഉദാഹരണം മനുഷ്യൻ (Man)=മാനവരാശി(ഉല്പ.2:7).

### 3) ദൃഷ്ടാന്തം (സാദൃശ്യം, Simile)

ഒന്നിനെ മറ്റൊന്നിനോട് ഉപമിക്കുന്നതിനാണ് ദൃഷ്ടാന്തം എന്ന് പറയുന്നത്. ലത്തീൻ ഭാഷയിൽ 'സിമിലിസ്' (similis) എന്നതിന് 'പോലെ' (like) എന്നർത്ഥം. ഉദാഹരണം ആറ്ററികത്തു നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കായ്ക്കുന്നതും ഇലവാടാത്തതുമായ വൃക്ഷം പോലെ=അനുഗ്രഹിക്കപ്പെട്ടവൻ (സങ്കീ.1:3), കാറ്റ് പാറ്റുന്ന പതിർപോലെ=ദുഷ്ടന്മാർ(സങ്കീ.1:4).(തുടരും)

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# മനുഷ്യൻ: ശാസ്ത്രവും സാങ്കേതികതയും



തുടർച്ച – 3

**"ദേഹി"യും അതിന്റെ മൂലപദങ്ങളും**

ആദ്യംതന്നെ ദേഹി എന്ന പദത്തെക്കുറിച്ചു ചിന്തിക്കാം. ബൈബിൾ ആദ്യം എഴുതപ്പെട്ടത് മുഖ്യമായും എബ്രായ, ഗ്രീക്ക് ഭാഷകളിലാണെന്ന കാര്യം നിങ്ങൾ ഓർമിക്കുന്നുണ്ടാകുമല്ലോ. ആളുകൾ, ജന്തുക്കൾ, ഒരു വ്യക്തിയുടെയോ ജന്തുവിന്റെയോ ജീവൻ എന്നിവയെ പരാമർശിക്കാൻ ബൈബിൾ എഴുത്തുകാർ ഉപയോഗിച്ചത് നെഫെഷ് എന്ന എബ്രായ പദവും സൈക്കി എന്ന ഗ്രീക്ക് പദവും ആണ്. ഈ രണ്ടു പദങ്ങൾ തിരുവെഴുത്തുകളിൽ എണ്ണൂറിലധികം പ്രാവശ്യം കാണപ്പെടുന്നു. നെഫെഷ്, സൈക്കി എന്നീ പദങ്ങൾ മേൽപ്പറഞ്ഞ മൂന്നു വ്യത്യസ്ത അർഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്നതിന്റെ ഏതാനും തിരുവെഴുത്ത് ഉദാഹരണങ്ങൾ നമുക്കു പരിശോധിക്കാം.





**ആളുകൾ:** "യാക്കോബിന്റെ കടിപ്രദേശത്തു നിന്നു ഉത്ഭവിച്ച ദേഹികൾ (നെഫെഷ്) എല്ലാം കൂടെ എഴുപതു പേർ ആയിരുന്നു" (പുറപ്പാട് 1:5). ഇവിടെ 'ദേഹികൾ' എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന നെഫെഷ് എന്ന പദം ആളുകളെ, യാക്കോബിന്റെ സന്തതികളെ കുറിക്കാനാണ് ഉപയോഗിച്ചിരിക്കുന്നതെന്നു വ്യക്തമാണ്. പുറപ്പാട് 16:16–ൽ മന്നാ പെറുക്കുന്നതു സംബന്ധിച്ച് ഇസ്രായേല്യർക്കു നൽകിയ നിർദേശങ്ങൾ കാണാം. അവർക്ക് ഈ കൽപ്പന ലഭിച്ചു: 'ഓരോരുത്തനു ഭക്ഷിക്കാകുന്നെടത്തോളം പെറുക്കിക്കൊൾവിൻ; താന്താന്റെ കൂടാരത്തിൽ ഉള്ളവരുടെ (നെഫെഷ്) എണ്ണത്തിനൊത്തവണ്ണം എടുത്തുകൊള്ളേണം.' ഓരോ കുടുംബത്തിലുമുള്ള ആളുകളുടെ എണ്ണത്തിന് അനുസരിച്ചാണ് മന്നാ പെറുക്കിയിരുന്നത്. നെഫെഷ്, സൈക്കി എന്നീ പദങ്ങൾ വ്യക്തിയെന്നോ ആളുകളെന്നോ ഉള്ള അർത്ഥത്തിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നതിന്റെ മറ്റു ദൃഷ്ടാന്തങ്ങൾ പിൻവരുന്ന തിരുവെഴുത്തുകളിൽ കാണാം: ഉല്പത്തി 46:18; യെഹസ്കേൽ 13:18–20; അ.പ്ര.27:37; 1 കൊരി.15:45; 1 പത്രോ.3:20.

**ജന്തുക്കൾ:** ബൈബിളിലെ സൃഷ്ടിപ്പിൻ വിവരണത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "വെള്ളത്തിൽ ജലജന്തുക്കൾ (നെഫെഷ്) കൂട്ടമായി ജനിക്കട്ടെ; ഭൂമിയുടെ മീതെ ആകാശവിതാനത്തിൽ പറവജാതി പറക്കട്ടെ എന്നു ദൈവം കല്പിച്ചു... അതതുതരം കന്നുകാലി, ഇഴജാതി, കാട്ടുമൃഗം ഇങ്ങനെ അതതു തരം ജീവജന്തുക്കൾ (നെഫെഷ്) ഭൂമിയിൽ നിന്നു ഉളവാകട്ടെ എന്നു ദൈവം കല്പിച്ചു; അങ്ങനെ സംഭവിച്ചു." (ഉല്പത്തി 1:20,24) ഈ വാക്യങ്ങളിൽ മത്സ്യം, പക്ഷികൾ, വളർത്തുമൃഗങ്ങൾ, കാട്ടുമൃഗങ്ങൾ എന്നിവയെയെല്ലാം പരാമർശിക്കാൻ നെഫെഷ് എന്ന എബ്രായ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. പിൻവരുന്ന വാക്യങ്ങളിലും ജന്തുക്കളെ സൂചിപ്പിക്കാൻ അതേ പദം ഉപയോഗിച്ചിരിക്കുന്നു: ഉല്പത്തി 9:10; ലേവ്യപുസ്തകം 11:47; സംഖ്യാപുസ്തകം 31:28.

**ഒരു വ്യക്തിയുടെ ജീവൻ:** മലയാളം ബൈബിളിൽ ദേഹി, ആളുകൾ, ജന്തുക്കൾ എന്നിങ്ങനെയെല്ലാം ഇതിനെ പരിഭാഷപ്പെടുത്തിയിരിക്കുന്നു. നെഫെഷ്, സൈക്കി എന്നീ പദങ്ങൾ ചിലപ്പോഴൊക്കെ ഒരു വ്യക്തിയുടെ ജീവനെയും അർഥമാക്കുന്നു. യഹോവ മോശെയോട് ഇപ്രകാരം പറഞ്ഞു: 'നിന്റെ ജീവന് (നെഫെഷ്) ഹാനി വരുത്തുവാൻ നോക്കിയവർ എല്ലാവരും മരിച്ചുപോയി' (പുറപ്പാട് 4:19) അതുപോലെ, റാഹേൽ ബെന്യാമീനെ പ്രസവിക്കുന്ന സമയത്ത് 'അവളുടെ ജീവൻ (നെഫെഷ്) പോയതായി' അതായത് "അവൾ മരിച്ചുപോയി" എന്ന് ബൈബിൾ പറയുന്നു (ഉല്പത്തി 35:16–19). യേശുവിന്റെ വാക്കുകളും ശ്രദ്ധിക്കുക: "ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ (സൈക്കി) കൊടുക്കുന്നു" (യോഹന്നാൻ 10:11). നിസ്സംശയമായും, ഈ വാക്യങ്ങളിൽ നെഫെഷ്,സൈക്കി എന്നീ പദങ്ങൾ ഒരു വ്യക്തിയുടെ ജീവനെ കുറിക്കുന്നു. കൂടുതൽ ഉദാഹരണങ്ങൾ പിൻവരുന്ന വാക്യങ്ങളിൽ കാണാം–1 രാജാക്കന്മാർ 17:17–23; മത്തായി 10:39; യോഹന്നാൻ 15:13; പ്രവൃത്തികൾ 20:10. "ദേഹി" എന്ന പദത്തെ ബൈബിളിൽ ഒരിടത്തും "അമർത്യം", "നിത്യം" എന്നീ പദങ്ങളോടു ബന്ധപ്പെടുത്തുന്നില്ലെന്ന് ദൈവചനത്തിന്റെ കൂടുതലായ പഠനത്തിലൂടെ നിങ്ങൾക്കു ബോധ്യമാകും. മറിച്ച്, ദേഹി മർത്യമാണ്, അഥവാ "ദേഹി മരിക്കും" എന്ന് തിരുവെഴുത്തുകൾ വ്യക്തമാക്കുന്നു (യെഹ.18:4–20). (തുടരും).



# കത്തോലിക്ക: സഭയോ മതമോ?



കഴിഞ്ഞലക്കം തുടർച്ച 9

"**പി**താവും പുത്രനും പരിശുദ്ധാത്മാവുമായ ഏകദൈവം മാത്രമാകുന്നു പരിശുദ്ധൻ" എന്ന് വിളിച്ചുപറഞ്ഞതിനു ശേഷം "പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ" എന്നു വിളിക്കുന്നതാണ് ദൈവനിന്ദ. കാനാവിലെ വിവാഹ വീട്ടിൽ വച്ച് അവൻ നിങ്ങളോടു പറയുന്നത് ചെയ്‌വിൻ എന്നല്ലാതെ മറ്റൊരു പ്രബോധനവും മാതാവ് മനുഷ്യ വർഗ്ഗത്തിന് നൽകിയിട്ടില്ലല്ലോ. യേശുക്രിസ്തുവിന്റെ ഭൂമിയിലെ പ്രധാന ശുശ്രൂഷയായിരുന്ന അന്ത്യത്താഴത്തിന് അമ്മയുടെ സാന്നിദ്ധ്യമുണ്ടായിരുന്നില്ല. അതിലുപരി ഉയിർത്തെഴുന്നേറ്റിട്ട് അമ്മയെ കാണാൻ പോകുകയോ എന്തെങ്കിലും പറയുകയോ ചെയ്തിട്ടില്ല. ബൈബിൾ വായിച്ച ഒരു വ്യക്തിയും മറിയത്തെ ഒരിക്കലും നിന്ദിക്കയില്ല. ദൈവം നൽകിയ പദവിയെക്കാൾ അധികമായതൊന്നും കർത്താവിന്റെ ആദാസി ആഗ്രഹിക്കുകയോ അവകാശപ്പെടുകയോ ഇല്ല. നമ്മൾ അമ്മയ്ക്ക് കൂടുതലായൊന്നും കൊടുക്കുകയും വേണ്ട.

**മാമോദീസ**

കർത്താവും തന്റെ ശിഷ്യന്മാരും ശിശുക്കൾക്കോ, മുതിർന്നവർക്കോ സ്നാനം കൊടുക്കുവാനായിട്ട് പഠിപ്പിച്ചിട്ടില്ല. കർത്താവോ, ശിഷ്യന്മാരോ, തിരുവചനത്തിൽ പ്രത്യക്ഷമായോ, പരോക്ഷമായോ ശിശുക്കളെ സ്നാനപ്പെടുത്തുവാൻ കൽപിച്ചിട്ടില്ലാത്തതിനാൽ ശിശുസ്നാനം തിരുവചന ഉപദേശത്തിനു വിരുദ്ധമാണ്.



അത് മാനുഷിക തീരുമാനവും വചനവിരുദ്ധമായ നടപടിയുമാണ്. യേശുക്രിസ്തു ശിശുക്കളെ വിളിച്ച് തന്റെ മാറോട് അണച്ചിട്ട് പറഞ്ഞത്: ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവീൻ അവരെ തടുക്കരുത്; സ്വർഗ്ഗരാജ്യം അങ്ങനെയുള്ളവരുടേതല്ലോ എന്നാണ് (മത്തായി 19:14). ബൈബിളിൽ ഒരിടത്തും ശിശുക്കൾക്ക് ഇത്ര ദിവസത്തിനകം സ്നാനം കൊടുക്കണമെന്ന് പറയുന്നില്ല. വചനം പറയുന്നതു മുതിർന്നവർക്കും സ്നാനം കൊടുക്കണമെന്നല്ല, വിശ്വസിക്കുന്നവർ സ്നാനം ഏൽക്കണം എന്നാണ് (മർക്കൊ.16:16).

സ്നാനത്തിന് അടിസ്ഥാനമായുണ്ടാകേണ്ടത് വിശ്വാസമാണ്. എങ്ങനെ ആണ് ശിശുവായിരിക്കുന്ന ഒരു പൈതൽ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് സ്നാനം ഏൽക്കുന്നത്? ശിശുസ്നാന ഉപദേശം മൂലം വീണ്ടും ജനിക്കയോ തങ്ങളുടെ ജീവിതം ക്രിസ്തുവിൽ സമർപ്പിക്കുകയോ ചെയ്യേണ്ട ആവശ്യകതയ്ക്കു പ്രസക്തിയില്ലാതെയായി. ശിശുസ്നാനം ആചരണത്തിൽ ഒതുങ്ങി. അങ്ങനെ സ്നാനത്തിലൂടെ ലഭിക്കുന്ന ദൈവീക അംഗീകാരം അവർക്കു നഷ്ടപ്പെടുന്നു (യോഹന്നാൻ 3:2–7).

സ്നാനത്തിന് ഉപയോഗിക്കുന്ന വെള്ളത്തെയും അഭിഷേക തൈലത്തേയും മാമോദീസാ ഏൽക്കുന്ന ആളിനെയും വാഴ്ത്തുന്നു. ഇത് ഏതു തിരുവെഴുത്തിൽ നിന്നാണ് ലഭിച്ചത്? എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നതിന് ഏതുവേദഭാഗമാണ് നമ്മെ പഠിപ്പിച്ചത്? ശിശുവിനെ വെള്ളത്തിൽ മൂന്നു പ്രാവിശ്യം മുക്കുന്ന പതിവും എവിടെ നിന്നു വന്നു?

ബാബിലോണ്യ മതത്തിൽ നിന്നാണ് നാമധേയ ക്രൈസ്തവ സഭകളിലെ ശിശുസ്നാനത്തിന്റെ ഉത്ഭവം എന്നു മനസ്സിലാക്കാം. ഗ്രീക്കുകാർ തങ്ങളുടെ കുഞ്ഞുങ്ങൾ ജനിച്ചതിന് 5–ാം ദിനവും, റോമാക്കാർ തങ്ങളുടെ പെൺകുട്ടികളെ എട്ടാംദിവസവും ആൺകുട്ടികളെ ഒമ്പതാം ദിവസവും സ്നാനജലത്തിൽ ശുദ്ധീകരിച്ചുവന്നതായി പുരാതന ചരിത്രങ്ങൾ സാക്ഷിക്കുന്നു. ഊതുക, അഭിഷേക തൈലം പുരട്ടുക, നെറ്റിയിൽ കുരിശടയാളം വരയ്ക്കുക എന്നിവ പുറജാതികളിൽ നിന്നും പകർത്തിയതാണ്.

സ്നാനം കർത്താവിന്റെ അന്ത്യകല്പനയാണ്. മത്തായി 28:19,20. ശിശുക്കൾക്കും മുതിർന്നവർക്കുമല്ല, വിശ്വസിച്ച് മാനസാന്തരപ്പെട്ടവരാണ് സ്നാനപ്പെടേണ്ടത്. അ.പ്ര.22:16; റോമ.6:3. സ്നാനം യേശുവിനോട് ചേരുവാനാണ്. കൊലോസ്യർ 2:12; റോമർ 6:1–5. ക്രിസ്തുവിനോടുകൂടെ മരിച്ചു അടക്കപ്പെട്ടു ഉയിർത്തു എന്നതിന്റെ–യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചതിന്റെ പരസ്യമായ സാക്ഷ്യമാണ് സ്നാനം.

മർത്തോമ സഭയിലെ യൂഹാനോൻ മെത്രാൻ "നമ്മുടെ വിശ്വാസം" എന്ന പുസ്തകത്തിൽ "വിശ്വാസ സ്നാനമാണ് യുക്തിക്കും സത്യത്തിനും നിരക്കുന്നതെന്ന്" വ്യക്തമായി എഴുതിയിട്ടുണ്ട്.

ഓർത്തഡോക്സു സഭയിലെ പണ്ഡിതനായ ഗീവർഗീസ് മാർ ഒസ്താത്തിയോസ് "ഞങ്ങൾ വിശ്വസിക്കുന്നു" എന്ന പുസ്തകത്തിൽ "ആദിമകാലത്ത് ഒഴുക്കു വെള്ളത്തിലോ, കുളങ്ങളിലോ സ്നാനം കഴിപ്പിച്ചുപോന്നു; വെള്ളത്തിൽ മുക്കുമ്പോൾ മരണം, അടക്കം, ഉയിർപ്പ് എന്നിവയെ സൂചിപ്പിക്കുന്നു. തളിക്കുമ്പോൾ ആകട്ടെ ഈ സൂചനകൾക്ക് അർത്ഥമില്ലാതെ വരുന്നു എന്ന് പറഞ്ഞിരിക്കുന്നു. കത്തോലിക്കാസഭയുടെ കാനോൻ എഴുതിയ തോമസ് അക്വിനാസ് തന്റെ സമ്മതിയോളജിക് എന്ന ലത്തീൻ ഗ്രന്ഥത്തിൽ 13 നൂറ്റാണ്ടുവരെ സഭ മുക്കിയായിരുന്നു സ്നാനപ്പെടുത്തിയതെന്നും സൗകര്യാർത്ഥം ഒഴിക്കലോ, തളിക്കലോ ആക്കിയതാണെന്നും വ്യക്തമാക്കിയിരിക്കുന്നു.

യാക്കോബായ സഭയുടെ കാനോൻ 2–ാം അദ്ധ്യായത്തിൽ വേദം പഠിപ്പിച്ചിട്ട് മുക്കി സ്നാനപ്പെടുത്തണമെന്നും വെള്ളത്തിൽ നിന്നും കയറുന്ന വ്യക്തിയെ ശുശ്രൂഷകൻ സ്വീകരിക്കണമെന്നും ആഭരണങ്ങൾ നീക്കിയിട്ട് മുക്കണമെന്നും എഴുതിയിരിക്കുന്നു.

മുതിർന്ന സ്നാനത്തിനും ശിശുസ്നാനത്തിനും വേദപുസ്തകത്തിൽ യാതൊരു സ്ഥാനവും ഇല്ല എന്ന് സ്പഷ്ടമാണ്. എന്നാൽ വിശ്വാസ സ്നാനമാണ് വേദപുസ്തകം പഠിപ്പിക്കുന്നത്. അതുമാത്രമാണ് വചനാനുസരണം. വേദപുസ്തകസത്യങ്ങൾ അനുസരിക്കുന്നില്ലായെങ്കിൽ ആ വ്യക്തിയെ ഈ വേദപുസ്തകപ്രകാരം തന്നെ ന്യായം വിധിക്കുന്ന ഒരു നാൾ വരും. അന്ന് ഓരോരുത്തരും കണക്കു പറയേണ്ടതായിവരുമെന്നു ഓർത്തുകൊള്ളുക. (തുടരും)

**അദൃശ്യനായ ദൈവത്തേയും അദൃശ്യമായ സ്വർഗ്ഗത്തേയും ദൃശ്യവത്ക്കരിച്ച് ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നതാകണം നമ്മുടെ വിശ്വാസം**




# മൈക്രോചിപ്പ് : ഭാവിയും പ്രായോഗികതയും



തുടർച്ച – 2

ശതകോടീശ്വരനും ടെക്നോളജി വിദഗ്ധനുമായ ഇലോൺ മസ്ക് കഴിഞ്ഞ ദിവസം പറഞ്ഞത് തന്റെ കമ്പനിയായ ന്യൂറാലിങ്ക് തലച്ചോറും കംപ്യൂട്ടറുമായി നേരിട്ടു ബന്ധിപ്പിക്കാൻ ശ്രമിക്കുകയാണ് എന്നാണ്. തങ്ങൾ നടത്തിയ പരീക്ഷണത്തിൽ, തലച്ചോറിൽ പിടിപ്പിച്ച ചിപ്പിലൂടെ കുരങ്ങിന് കംപ്യൂട്ടറുമായി ബന്ധപ്പെടാനായെന്ന് അദ്ദേഹം അവകാശപ്പെട്ടു. ഈ ടെക്നോളജി 2020-ൽ മനുഷ്യരിൽ പരീക്ഷിക്കാനായേക്കുമെന്നും അദ്ദേഹം ശുഭാപ്തിവിശ്വാസം പ്രകടിപ്പിച്ചു. ആദ്യകാലത്ത് ഇതിന്റെ ഉപയോഗം രോഗികൾക്കായിരിക്കും. എന്നാൽ പിന്നീട് ഉഭയകക്ഷി സമ്മതപ്രകാരം മറ്റൊരാളുടെ ചിന്ത വായിക്കുന്ന സാധ്യതയും നിലവിൽ വന്നേക്കും.

സൂപ്പർമാൻ എന്ന സങ്കൽപ്പം മനുഷ്യർക്ക് വളരെ ആകർഷകമാണ്. തത്വചിന്തകൻ ഫ്രീഡ്രിക് നിച്ചെയും, നാടകകൃത്ത് ബെർണാഡ് ഷായും അടക്കമുള്ള പലരും സൂപ്പർമാൻ എന്ന ആശയത്തിൽ ആകൃഷ്ടരായിരുന്നു. എന്നാൽ, പ്രായോഗിക തലത്തിൽ അവർക്ക് ഒന്നും ചെയ്യാനായില്ലെന്നു പറയാം. മസ്കിന്റെ ന്യൂറാലിങ്കും മനുഷ്യന് വിശിഷ്ടബുദ്ധി (super intelligence) നൽകാനുള്ള ശ്രമത്തിലാണ്. ഈ സൂപ്പർബുദ്ധി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മനുഷ്യരുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ് എന്നാണ് മസ്കിന്റെ വാദം. തലച്ചോറും യന്ത്രങ്ങളുമായി യോജിച്ചു പ്രവർത്തിക്കുന്ന ഒരു ലോകമാണ് മസ്കിന്റെ കമ്പനി വിഭാവനം ചെയ്യുന്നത്. വയർലെസായി തലച്ചോറിനും കംപ്യൂട്ടറിനും തമ്മിൽ ബന്ധപ്പെടാനുള്ള ചിപ്പാണ് അദ്ദേഹത്തിന്റെ കമ്പനി നിർമ്മിക്കാൻ ശ്രമിക്കുന്നത്. ഇതുവഴി ഡേറ്റാ അതിവേഗം കൈമാറാനായേക്കും.



ഈ രംഗത്ത് മസ്കിനെക്കാൾ മികവോടെ പ്രവർത്തിക്കാൻ സാധ്യതയുള്ള കമ്പനികളായിരുന്നു ഗൂഗിളും ഫെയ്സ്ബുക്കും. ഇരു കമ്പനികളും ഖനനം ചെയ്തിരിക്കുന്ന ഡേറ്റയ്ക്ക് കയ്യും കണക്കുമില്ല എന്നാണ് വാദം. കാശിനു കാശും ഉണ്ട്. എന്നാൽ അമേരിക്ക ആന്റിട്രസ്റ്റ് നീക്കത്തിലൂടെ ഈ കമ്പനികൾക്ക് മൂക്കുകയറിട്ടു. അല്ലെങ്കിൽ ഇപ്പോൾ സർവത്ര മൈക്രോസോഫ്റ്റ് മയം ആകാനുള്ള സാധ്യത ഉണ്ടായിരുന്നു.

### ചിപ്പ് വച്ചാലുള്ള ദോഷങ്ങൾ

മൈക്രോചിപ്പിങ്ങിലൂടെ സ്വകാര്യത എന്ന കാര്യം പഴങ്കഥയായേക്കാം എന്നതാണ് പ്രധാന വാദം. നൈതികമായ ഉടച്ചുവാർക്കലുകളും ആവശ്യമാണ്. ജോർജ്ജ് ഒർവൽ പ്രവചിച്ച മിഥ്യാഭയം യാഥാർത്ഥ്യമാകാനുള്ള സാധ്യതയും കാണുന്നു. ജോലി നൽകുന്ന കമ്പനികൾക്കും മറ്റും അടിമപ്പെടുന്ന അവസ്ഥയായിരിക്കും ജോലിക്കാരെ കാത്തിരിക്കുക. ഇംഗ്ലണ്ടിലെയും വെയ്ൽസിലെയും ട്രെയ്ഡ് യൂണിയനുകളെ പ്രതിനിധീകരിക്കുന്ന ട്രെയ്ഡ് യൂണിയൻ കോൺഗ്രസ് പറയുന്നത് കമ്പനികൾ ഇത് ജോലിക്കാരുടെ മേൽ അടിച്ചേൽപ്പിക്കുമെന്നാണ്. ഇപ്പോൾത്തന്നെ ചില കമ്പനികൾ മൈക്രോ മാനേജ്മെന്റ് നടത്താനെന്ന ഭാവേന ജോലിക്കാരുടെ സ്വകാര്യതയിലേക്ക് കടന്നുകയറുന്നുണ്ടെന്ന് അവർ നിരീക്ഷിക്കുന്നു. ബോസുമാർ ജോലിക്കാരുടെമേൽ മുൻപില്ലാത്ത തരം നിയന്ത്രണം കൊണ്ടുവരും. മുതലാളിയും മാനേജരും തൊഴിലാളിയെ എപ്പോഴും നോക്കിക്കൊണ്ടിരിക്കുന്നതു മൂലം ജോലിക്കാരുടെ എല്ലാ സ്വകാര്യതയും സ്വാതന്ത്ര്യവും നഷ്ടപ്പെടും.

ഇപ്പോഴത്തെ ആർ.എഫ്.ഐ.ഡി. അപരിചിതർക്കു പോലും വായിച്ചെടുക്കാം. നിങ്ങൾ വഴിയിലൂടെ നടന്നുപോകുമ്പോൾ ധരിച്ചിരിക്കുന്ന ചിപ്പിലേക്ക് പിങ് ചെയ്താൽ മതി ഡേറ്റാ വായിക്കാം. കൂടുതൽ സ്വകാര്യ ഡേറ്റാ നിക്ഷേപിക്കുന്ന ചിപ്പുകൾ വലിയ ഭീഷണി ഉയർത്തും. സോഷ്യൽ സെക്യൂരിറ്റി നമ്പറും മറ്റും ഉൾക്കൊള്ളിക്കാൻ തീരുമാനിച്ചാൽ ഹാക്കർമാർക്ക് ചാകരയായിരിക്കും. ആളുകൾ മൈക്രോചിപ്പിങ്ങിനു തയാറാകുന്നില്ല എന്നതാണ് ഇപ്പോഴുള്ള ഗുണം.

എന്നാൽ ആളുകൾ സമ്മതിച്ചാലും ഇല്ലെങ്കിലും വരും പതിറ്റാണ്ടുകളിൽ ചിപ്പ് വയ്ക്കേണ്ടതായി വരുമെന്നത് നിസ്തർക്കമായ കാര്യമാണ്. ടീം കമ്മ്യൂണിക്കേഷൻ, ബുദ്ധി മുതലായവ ഒരുമിപ്പിക്കാൻ ഇത് ആവശ്യമായിവരിക തന്നെ ചെയ്യുമെന്നാണ് പറയുന്നത്. ഒരു കമ്പനിയിലേക്ക് ജോലിക്കായി അപേക്ഷ അയയ്ക്കുമ്പോൾ അയാളുടെ ചിപ്പ് എന്തു പറയുന്നു എന്നന്വേഷിക്കാനാണ് ഉടമയ്ക്ക് ഇഷ്ടമെങ്കിൽ എന്തു ചെയ്യാനാകും? സ്വയം എഴുതി തയാറാക്കിയ, വീമ്പിളക്കുന്ന ബയോഡേറ്റായും മറ്റും ആർക്കും വേണ്ടാതാകും.

കുത്തനെ കിടക്കുന്ന, വഴുക്കലുള്ള ഒരു വഴിയാണിത്. ഒരിക്കൽ താഴേക്കു പോയിക്കഴിഞ്ഞാൽ തിരിച്ചു കയറൽ നടക്കില്ല. എന്നാൽ ഇത് മനുഷ്യർ നടത്തുന്ന ഒരു മുന്നേറ്റമാണെന്നു വാദിക്കുന്നവരും ഉണ്ട്. ചില പ്രദേശങ്ങളിലെ നിയമങ്ങൾ മൈക്രോചിപ്പിങ്ങിന് തടസമായേക്കും. കാലിഫോർണിയയിൽ ആർ.എഫ്.ഐ.ഡി. ആർക്കും ബലമായി നൽകരുതെന്ന് നിയമമുണ്ട്. യൂറോപ്പിലെ ജി.ഡി.പി.ആറും മൈക്രോചിപ്പിങ്ങിന് വിലങ്ങുതടിയായേക്കാം.

### ആയുരാരോഗ്യ പ്രശ്നങ്ങൾ

ഒരു ഫോൺ കളഞ്ഞ് പുതിയതു വാങ്ങാൻ എളുപ്പമാണ്. ഓരോ തവണയും പുതിയ ചിപ്പു മാറാൻ ഓപ്പറേഷൻ നടത്തേണ്ടിവരുമോ? ചിപ്പിന്റെ ടെക്നോളജി പെട്ടെന്നു മാറുമെന്നത് ഉറപ്പാണ്. ചിപ്പ് എന്ന ഈ വിദേശ വസ്തുവിനെ എങ്ങനെയായിരിക്കും നമ്മുടെ ശരീരം സ്വീകരിക്കുക?

മൈക്രോചിപ്പുകൾ പൊതുവെയും ന്യൂറാലിങ്കിന്റെ ചിപ്പുകൾ പ്രത്യേകിച്ചും ആരോഗ്യപരവും തത്വചിന്താപരവുമായ ഉത്കണ്ഠ പരത്തുന്നു. ഇപ്പോഴത്തെ നിലയിൽ ഇവ ഗുണത്തേക്കാളേറെ ദോഷമാകാനാണു സാധ്യത.



# സ്ക്രിപ്റ്റിൽ നിന്നു വ്യതിചലിക്കാതിരുന്നാൽ



പോളിഷ് സാഹിത്യകാരൻ ഹെന്റിക് സിയങ്കോവിച്ച് നൽകിയ അതിമനോഹരമായ ഒരു ചരിത്ര നോവലാണ് 'ക്വോ വാദിസ്'. 1895-ൽ മൂന്നു പോളിഷ് ദിനപത്രങ്ങളിൽ ഒരേ സമയം തുടർച്ചയായി പ്രസിദ്ധീകരിക്കപ്പെട്ട ഈ നോവൽ പിറ്റേവർഷം പുസ്തക രൂപത്തിൽ പുറത്തിറങ്ങി. മലയാളം ഉൾപ്പെടെ അമ്പതിലേറെ ഭാഷകളിലേക്ക് ഇതിനകം വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ഈ നോവൽ 1905-ൽ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം നേടുന്നതിനു സിയങ്കോവിച്ചിനെ ഏറെ സഹായിക്കുകയുണ്ടായി.

റോമൻ ചക്രവർത്തിയായിരുന്ന നീറോയുടെ ഭരണകാലമാണ് ഈ നോവലിന്റെ പശ്ചാത്തലം. നീറോ ചക്രവർത്തിയുടെ കാലത്തു റോമിൽ നടമാടിയ മതപീഡനം ഒരു ചരിത്രകാരന്റെ സൂക്ഷ്മതയോടെയാണ് സിയങ്കോവിച്ച് അവതരിപ്പിച്ചിരിക്കുന്നത്.

സിയങ്കോവിച്ചിന് അന്താരാഷ്ട്ര പ്രസിദ്ധി നേടിക്കൊടുത്ത ഈ നോവൽ സിനിമാരൂപത്തിൽ ഇതിനോടകം പലതവണ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അവയിൽ ഏറ്റവും പ്രസിദ്ധമായത് 1951-ൽ ഹോളിവുഡിൽ നിന്നു പുറത്തിറങ്ങിയ സിനിമയാണ്. ക്വോവാദിസ് എന്ന പേരിൽത്തന്നെയുള്ള ഈ സിനിമ സംവിധാനം ചെയ്തിരിക്കുന്നത് മെർവിൻ ലീറോലിയും പ്രധാന കഥാപാത്രങ്ങളായി അഭിനയിച്ചിരിക്കുന്നത് റോബർട്ട് ടെക്ലർ, ഡെബോറ കെർ എന്നിവരുമാണ്.

ലിജിയ എന്ന ക്രിസ്ത്യാനിപ്പെൺകുട്ടിയും മാർക്കസ് എന്ന റോമൻ പ്രഭുവും തമ്മിലുള്ള സ്നേഹത്തിന്റെ കഥ പറയുന്ന ഈ ചിത്രത്തിൽ അലറുന്ന സിംഹങ്ങൾ ലിജിയയെ കടിച്ചുകീറാൻ പാഞ്ഞടുക്കുന്ന ഒരു രംഗമുണ്ട്. ഈ രംഗം ഷൂട്ട് ചെയ്തു കഴിഞ്ഞ അവസരത്തിൽ ഒരു പത്ര റിപ്പോർട്ടർ ഡെബോറയെ സമീപിച്ച് ചോദിച്ചു: "സിംഹങ്ങൾ പാഞ്ഞുവരുന്നതു കണ്ടപ്പോൾ ഭയപ്പെട്ടുപോയില്ലേ?"

അപ്പോൾ ഒരു പുഞ്ചിരിയോടെ ഡെബോറ പറഞ്ഞു: എനിക്കല്പം പോലും ഭയം തോന്നിയില്ല. കാരണം, തിരക്കഥ ഞാൻ നന്നായി വായിച്ചിരുന്നു. അതിൽ പറഞ്ഞതിനനുസരിച്ച്, സിംഹങ്ങളുടെ വായിൽ നിന്ന് എന്നെ രക്ഷപ്പെടുത്തുവാനുള്ള സംവിധാനം നിർമാതാക്കൾ ചെയ്തിട്ടുണ്ടായിരുന്നു."

അഭിനയിക്കുമ്പോഴാണെങ്കിലും സിംഹങ്ങൾ പാഞ്ഞുവരുന്നതു കാണുമ്പോൾ സാധാരണക്കാർ ഭയപ്പെട്ടു പോവില്ലേ? എന്നാൽ ഡെബോറയ്ക്ക് അല്പം പോലും ഭയം തോന്നിയില്ല. കാരണം, സിംഹങ്ങൾ ആക്രമിക്കുന്നതിനു മുൻപ് അവയെ നിയന്ത്രിക്കുന്നവർ തന്നെ രക്ഷപ്പെടുത്തുമെന്നു ഡെബോറയ്ക്ക് ഉറപ്പുണ്ടായിരുന്നു. അവരുടെ പ്രതീക്ഷ തെറ്റിയില്ല. സിംഹങ്ങളുടെ പരിശീലകർ നടിയെ അപകടം കൂടാതെ രക്ഷിച്ചു.

സിംഹങ്ങളല്ലെങ്കിലും സിംഹങ്ങളെപ്പോലെ നമ്മെ കടിച്ചുകീറുവാൻ വെമ്പൽ പൂണ്ടുനിൽക്കുന്ന മനുഷ്യരും സാഹചര്യങ്ങളുമായിരിക്കും ചിലപ്പോഴെങ്കിലും നമുക്കഭിമുഖീകരിക്കേണ്ടിവരിക. അങ്ങനെയുള്ള അവസരങ്ങളിൽ ഭയപ്പെടാതെയും പതറാതെയും നിൽക്കുവാൻ നമുക്കു സാധിക്കുമോ? നമ്മിൽ അപൂർവം പേർക്കു മാത്രമേ അങ്ങനെ സാധിച്ചുവെന്നു വരൂ. സാധാരണഗതിയിൽ നാം അപ്പോൾ ഭയന്നു വിറങ്ങലിച്ചു നിൽക്കുവാനാണു സാധ്യത. എന്നാൽ നമ്മെക്കുറിച്ചുള്ള സ്ക്രിപ്റ്റ് നമുക്കു ശരിക്ക് അറിയാമെങ്കിൽ ഏതു പേടിപ്പെടുത്തുന്ന സാഹചര്യത്തിലും നാം പതറിപ്പോവുകയില്ല. എന്താണു നമ്മെക്കുറിച്ചുള്ള സ്ക്രിപ്റ്റ്? ആരാണു നമ്മെക്കുറിച്ചുള്ള സ്ക്രിപ്റ്റ് തയാറാക്കിയിരിക്കുന്നത്?

നമ്മുടെ ജീവിതം ഏതു രീതിയിൽ മുന്നോട്ടു പോകണമെന്നു നിർദേശിക്കുന്ന ഒരു സ്ക്രിപ്റ്റ് നാം ജനിക്കുന്നതിന് എത്രയോ മുൻപുതന്നെ തയാറാക്കപ്പെട്ടിട്ടുണ്ട്. ആ സ്ക്രിപ്റ്റ് തയാറാക്കിയിരിക്കുന്നതു മറ്റാരുമല്ല, ദൈവം തന്നെയാണ് എന്നതാണ് ഏറ്റവും സന്തോഷകരമായ കാര്യം.

ദൈവമാണു നമ്മെക്കുറിച്ചുള്ള സ്ക്രിപ്റ്റ് തയാറാക്കിയിരുന്നതെങ്കിൽ നാം പേടിക്കേണ്ട കാര്യമില്ലെന്നതാണു വാസ്തവം. കാരണം, ദൈവം നമുക്കുവേണ്ടി തയാറാക്കുന്ന സ്ക്രിപ്റ്റ് ഏറ്റവും വിശിഷ്ടമായിരിക്കുമെന്നതിൽ സംശയം വേണ്ട.

എന്നാൽ പ്രശ്നം അതല്ല. ദൈവം നമ്മെക്കുറിച്ച് എത്ര നല്ല സ്ക്രിപ്റ്റ് തയാറാക്കിയാലും നാം അതനുസരിച്ചു മുന്നോട്ടു പോകുവാൻ വിസമ്മതിക്കുന്നു എന്നതാണു പ്രശ്നം. ദൈവത്തിനു നമ്മെക്കുറിച്ചുള്ള പ്ലാനും പദ്ധതിയും ഏറ്റവും മെച്ചപ്പെട്ടതാണെങ്കിലും നാം അതിന്റെ മേന്മ അറിയാതെ പോകുന്നു. എന്നു മാത്രമല്ല, ദൈവം പറയുന്ന വഴിയേ എന്നതിനേക്കാൾ സ്വയം തോന്നുന്ന വഴിയേ പോകുവാൻ നാം ശ്രമിക്കുകയും ചെയ്യുന്നു. അങ്ങനെ നാം സ്വന്തം വഴിയേ പോകുമ്പോഴാണു നമ്മുടെ ജീവിതം പരാജയത്തിലേക്കു കൂപ്പുകുത്തുന്നത്.

അതുകൊണ്ട് ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന സ്ക്രിപ്റ്റനുസരിച്ചു മുന്നോട്ടു പോകുവാൻ നമുക്കു ശ്രമിക്കാം. അപ്പോൾ ഒന്നിനെക്കുറിച്ചും നമുക്കു ഭയപ്പെടേണ്ടിവരില്ല; എല്ലാ കാര്യങ്ങളും നമ്മുടെ നന്മയ്ക്കായി ഭവിക്കുകയും ചെയ്യും.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

**പഴയനിയമത്തിലെ ദൈവം യഹോവ. പുതിയനിയമത്തിൽ യേശു. പഴയനിയമത്തിൽ ദൈവം ഏകൻ? പുതിയനിയമത്തിൽ മൂന്നു ദൈവം? പഴയനിയമത്തിലെ ദൈവത്തെ പുതിയനിയമത്തിൽ കാണാത്തതിനു കാരണം? -രജിത് പരമേശ്വരൻ, കീഴൂർ, തലയോലപറമ്പ്, കോട്ടയം.**

**ബൈ**ബിൾ പറയുന്ന സത്യദൈവമാണ് യഹോവ, എല്ലാത്തിന്റെയും സ്രഷ്ടാവ്. പ്രവാചകന്മാരായ അബ്രഹാമും മോശയും ആരാധിച്ച ദൈവം (ഉൽപത്തി 24:27; പുറപ്പാട് 15:1). ഏതെങ്കിലും ഒരുകൂട്ടം ആളുകളുടെ മാത്രമല്ല 'ഭൂമിയിലുള്ള സകലരുടെയും' ദൈവമാണ് യഹോവ (സങ്കീർത്തനങ്ങൾ 47:2).

ബൈബിൾ വെളിപ്പെടുത്തിത്തരുന്ന, ദൈവത്തിന്റെ അനന്യമായ പേരാണ് അത് (പുറപ്പാട് 3:15; സങ്കീർത്തനങ്ങൾ 83:18). "ആയിത്തീരുക" എന്ന് അർത്ഥമുള്ള ഒരു എബ്രായ ക്രിയാപദത്തിൽ നിന്നാണ് ആ പേര് വരുന്നത്. "ആയിത്തീരാൻ അവൻ ഇടയാക്കുന്നു" എന്ന അർത്ഥമാണ് ഇതിനുള്ളതെന്നു പല പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. തന്റെ ഉദ്ദേശ്യം നടപ്പാക്കുന്നവനും എല്ലാത്തിന്റെയും സ്രഷ്ടാവും ആയതുകൊണ്ട് ഈ നിർവചനം യഹോവയ്ക്ക് എന്തുകൊണ്ടും ചേരുന്നതാണ് (യെശയ്യ 55:10,11). യഹോവ എന്ന പേരിനു പിന്നിലെ വ്യക്തിയെക്കുറിച്ചും വിശേഷിച്ച് യഹോവയുടെ പ്രമുഖ ഗുണമായ സ്നേഹത്തെക്കുറിച്ചും മനസ്സിലാക്കാൻ ബൈബിൾ നമ്മളെ സഹായിക്കുന്നു. എന്നാൽ, എബ്രായ തിരുവെഴുത്തുകൾ (പഴയനിയമം) പൂർത്തിയായ ശേഷം യഹൂദന്മാർ ദൈവത്തിന്റെ വ്യക്തിപരമായ നാമം ഉച്ചരിക്കുന്നത് ഭയപ്പാടോടെ കാണാൻ തുടങ്ങി. ഒരു തിരുവെഴുത്തു വായിക്കുമ്പോൾ അവർ ദൈവനാമത്തിനു പകരമായി, "കർത്താവ്" എന്നോ "ദൈവം" എന്നോ ഉള്ള പദങ്ങൾ ഉപയോഗിച്ചു. ദിവ്യനാമത്തിന്റെ ഉച്ചാരണം "യാഹ്‌വെ" എന്നു ചിലർ വിചാരിക്കുമ്പോൾ വേറെ ചിലർ മറ്റു സാധ്യതകൾ മുന്നോട്ടു വെക്കുന്നു. ഗ്രീക്ക് ഭാഷയിലുള്ള ലേവ്യപുസ്തകത്തിന്റെ ചാവുകടൽച്ചുരുളുകളിൽ ദിവ്യനാമം Iao (യാവൊ) എന്നു ലിപ്യന്തരണം ചെയ്തിരിക്കുന്നു. ആദ്യകാല ഗ്രീക്ക് എഴുത്തുകാർ Iae (യായെ), I.a.be'(യാബീ), I.a..ou.e'(യാവൂവെ) എന്നീ ഉച്ചാരണങ്ങൾ നിർദേശിക്കുന്നുണ്ടെങ്കിലും ഇവയൊന്നും പുരാതന എബ്രായയിലെ കൃത്യമായ ഉച്ചാരണമാണെന്നു പറയാനാകില്ല (പുറപ്പാട് 34:5-7; ലൂക്കോസ് 6:35; 1 യോഹന്നാൻ 4:8).




ദൈവത്തിന്റെ എബ്രായ ഭാഷയിലുള്ള പേരിന്റെ-ചതുരക്ഷരി എന്ന് അറിയപ്പെടുന്ന യ് ഹ് വ് ഹ് നാല് അക്ഷരങ്ങൾ ചേർന്നത്-ഇംഗ്ലീഷിലുള്ള പരിഭാഷയാണു ജെഹോവ എന്ന പേര്. പുരാതന എബ്രായ ഭാഷയിലുള്ള ദിവ്യനാമത്തിന്റെ കൃത്യമായ ഉച്ചാരണം അറിയില്ല. എന്നാൽ, ഇംഗ്ലീഷ് ഭാഷയുടെ ചരിത്രത്തിൽ വളരെക്കാലമായി നിലനിൽക്കുന്ന ഒരു രൂപമാണു "ജെഹോവ." വില്യം ടിൻഡെയ്‌ലിന്റെ ബൈബിൾ ഭാഷാന്തരത്തിലാണ് (1530) ഇത് ആദ്യമായി ഈ രൂപത്തിൽ പ്രത്യക്ഷപ്പെട്ടത്.

പുരാതന എബ്രായ ഭാഷ എഴുതിയിരുന്നതു സ്വരാക്ഷരങ്ങൾ കൂടാതെ വ്യഞ്ജനങ്ങൾ മാത്രം ഉപയോഗിച്ചായിരുന്നു. ഒരു എബ്രായ ഭാഷക്കാരൻ വ്യഞ്ജനങ്ങൾക്ക് ഉചിതമായ സ്വരങ്ങൾ ചേർത്ത് വായിക്കുകയായിരുന്നു പതിവ്.

ദൈവനാമത്തിലുള്ള എബ്രായപദം ചതുരക്ഷരിരൂപത്തിൽ 7000-ത്തോളം പ്രാവശ്യം ബൈബിളിലുണ്ട്. എന്നാൽ, മിക്ക പരിഭാഷകരും "കർത്താവ്" എന്നതുപോലുള്ള പദവിനാമങ്ങളാണ് ഉപയോഗിക്കുന്നത്.

സർവശക്തനായ ദൈവത്തിനു പ്രത്യേകിച്ച് ഒരു പേര് ആവശ്യമില്ലായെന്ന് ചിലർ പറയാറുണ്ട്. എന്നാൽ തന്റെ പേര് ഉപയോഗിക്കാൻ ദൈവം തന്നെ ബൈബിളിന്റെ എഴുത്തുകാരെ നിശ്വസ്തരാക്കുകയും ആരാധനയിൽ ആ പേര് ഉപയോഗിക്കാൻ നിർദേശിക്കുകയും ചെയ്തു (യെശയ്യ 42:8; യോവേൽ 2:32; മലാഖി 3:16; റോമർ 10:13). മുൻകാല ആരാധകർ പേരുകൾ പലതും ഒരേ രീതിയിലല്ല ഉച്ചരിച്ചിരുന്നത്.

ഉദാഹരണത്തിന്, ഇസ്രായേല്യ ന്യായാധിപനായിരുന്ന യോശുവയുടെ കാര്യമെടുക്കാം. യോശുവ എന്ന പേര് ഒന്നാം നൂറ്റാണ്ടിൽ, എബ്രായഭാഷ സംസാരിച്ചിരുന്ന ക്രിസ്ത്യാനികൾ യെഹോശുവ (Yehoh.shu'a') എന്നും, ഗ്രീക്ക് സംസാരിച്ചിരുന്ന ക്രിസ്ത്യാനികൾ യീസോസ് (I.e.sous') എന്നും ആണ് ഉച്ചരിച്ചിരുന്നത്. ബൈബിളിൽ യോശുവയുടെ എബ്രായ പേരിന്റെ ഗ്രീക്ക് പരിഭാഷയായ യീസോസ് ഉപയോഗിച്ചെന്ന വസ്തുത കാണിക്കുന്നതു ക്രിസ്ത്യാനികൾ ആളുകളുടെ പേരുകൾ തങ്ങളുടെ ഭാഷയ്ക്ക് ഇണങ്ങുന്ന വിധത്തിൽ ഉപയോഗിക്കുന്ന രീതി സ്വീകരിച്ചെന്നാണ്-പ്രവൃത്തികൾ 7:45; എബ്രായർ 4:8. ഇതേ തത്ത്വം ദിവ്യനാമത്തിന്റെ പരിഭാഷയിലും സ്വീകരിക്കാവുന്നതാണ്. യേശു എന്നത് പാശ്ചാത്യ സുറിയാനി പദമാണ്. പൗരസ്ത്യ സുറിയാനിയിൽ 'ഈശോ' എന്നാണ് പറയുന്നത്. എന്നാൽ യഹോവ രക്ഷകൻ എന്നർത്ഥത്തിൽ വരുന്ന യെഹോശുവാ എന്നതാണ് യഥാർത്ഥ നാമം. അതെ പഴയനിയമത്തിൽ കാണുന്ന യഹോവ തന്നെയാണ് പുതിയനിയമം വെളിപ്പെടുത്തുന്ന രക്ഷകൻ. പഴയനിയമത്തിലെ യഹോവ തന്നെയാണ് പുതിയനിയമത്തിലെ 'യെഹോശുവാ' അഥവാ 'യേശു'. ഇനി നാം പരിശോധിക്കാൻ പോകുന്നത് ഏക ദൈവവിശ്വാസമാണോ, ബഹുദൈവവിശ്വാസമാണോ ബൈബിളിൽ കാണാൻ കഴിയുന്നത് എന്നുള്ളതാണ്. (തുടരും).



# ഞാനറിയുന്ന കമ്മ്യൂണിസം

**കേ**രളത്തിലെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ക്രിസ്ത്യാനികളോടുള്ള നിലപാട് നന്ദിയോടെ ഓർക്കുകയും അടുത്ത തിരഞ്ഞെടുപ്പിൽ അവർ വിജയിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയാണ് ഞാൻ. എന്നാൽ ക്രിസ്തീയ വിശ്വാസത്തിൽ നിന്നുകൊണ്ടു കമ്മ്യൂണിസത്തെ ചങ്കിലേറ്റിയവർ മനസിലാക്കാതെ പോകുന്ന ചില കാര്യങ്ങളുണ്ട്. അവർക്കു വേണ്ടിയാണ് ഞാൻ ഈ കുറിപ്പ് എഴുതുന്നത്.

മാർക്സ് ഒരിക്കലും ദൈവവിശ്വാസി ആയിരുന്നിട്ടില്ല. ക്രൈസ്തവ-യഹൂദ സംസ്കാരത്തിന്റെ ചില അടിസ്ഥാന സ്വാധീനങ്ങൾ അദ്ദേഹത്തിൽ ഉണ്ടായിരുന്നു. അദ്ദേഹം മനുഷ്യനെ സ്നേഹിക്കുകയും മനുഷ്യനു നീതി ലഭിക്കണം എന്നു വാദിക്കുകയും ചെയ്തു. മതം, ഈശ്വരൻ എന്നീ കാര്യങ്ങളിൽ ഫൊയർബാഹിനെ അനുധാവനം ചെയ്തവനാണു മാർക്സ്. അദ്ദേഹത്തിനു ഫൊയർബാഗ് നൽകിയ ഏറ്റവും വലിയ സംഭാവന പാർട്ടിക്കു ദൈവത്തിന്റെ സ്ഥാനം നൽകിയെന്നതാണ്. ക്രൈസ്തവീകതയിൽ എങ്ങനെ ദൈവം പ്രവർത്തിക്കുന്നുവോ അതുപോലെ പാർട്ടി പ്രവർത്തിക്കണം എന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. ലോകത്തെവിടെയും മാർക്സിസ്റ്റ് പാർട്ടി എടുക്കുന്ന എല്ലാ തീരുമാനത്തിന്റെയും അടിസ്ഥാന യാഥാർത്ഥ്യമാണിത്. ഈ യാഥാർത്ഥ്യം തന്നെയാണു കമ്മ്യൂണിസത്തിന്റെ പതനത്തിനും കാരണമായത്. അത് സോവിയറ്റ് യൂണിയനിലും ചൈനയിലും കിഴക്കൻ യൂറോപ്പിലെ രാജ്യങ്ങളിലും ഉത്തരകൊറിയയിലും ഒരുപോലെ ബാധകമാണ്. കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടിയും ഈ അടിസ്ഥാന തത്വത്തിനു വിധേയമാണ്. ഓരോ കമ്മ്യൂണിസ്റ്റുകാരനും ഇതു ബാധകമാണ്. അതായത് ക്രിസ്ത്യാനികൾ ദൈവത്തിനു കൊടുക്കുന്ന അതേ പ്രാധാന്യം തന്നെയാണ് കമ്മ്യൂണിസ്റ്റ് അനുഭാവികൾ തങ്ങളുടെ പാർട്ടിക്കു നൽകുന്നത്.



എന്നാൽ, കേരളത്തിൽ യൂറോപ്പിലോ ചൈനയിലോ റഷ്യയിലോ ഇല്ലാത്ത ഒരു വൈരുദ്ധ്യമുണ്ട്. അതു ജനാധിപത്യ വ്യവസ്ഥിതിക്കുള്ളിൽ നിന്നുകൊണ്ടു വേണം ഈ തത്വം പാലിക്കാൻ എന്നുള്ളതാണ്. അതാണ് ഇവിടെ ചിലപ്പോൾ അപഹാസ്യമായ ചില പ്രസ്താവനകൾക്കും നിലപാടുകൾക്കും കാരണമാകുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആഗോളതലത്തിലെ പ്രതിസന്ധികളോ പരാജയങ്ങളോ ഇവിടെ ആരും ചർച്ച ചെയ്യാറില്ല. മറ്റ് ഏതു പ്രശ്നവും നാം ആഗോളമായി ചർച്ച ചെയ്യുമ്പോഴും ലോക കമ്മ്യൂണിസത്തിൽ നടക്കുന്ന കാര്യങ്ങൾ ഇവിടെ ചർച്ചയ്ക്കു വിഷയമാകില്ല. ജനാധിപത്യത്തിൽ പാർട്ടി അധികാരത്തിൽ വരുമ്പോൾ ഒരു വലിയ പ്രതിസന്ധി പാർട്ടിക്കുണ്ട്. പാർട്ടിയുടെ അടിസ്ഥാനങ്ങളിൽ നിലപാട് എടുക്കണമോ ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനത്തിൽ നിലപാട് സ്വീകരിക്കണോ?

മാർക്സ് സത്യനീതി ധർമ്മങ്ങളെക്കുറിച്ച് വളരെ വിരളമായിട്ടേ പ്രതിപാദിച്ചിട്ടുള്ളൂ. അവയിൽ അദ്ദേഹത്തിനു താല്പര്യം ഇല്ലാഞ്ഞിട്ടല്ല. വ്യവസായവൽക്കരണ കാലത്തെ അനീതികൾക്കെതിരായി അദ്ദേഹം കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ എഴുതിയതും മൂലധനമെഴുതിയതും ചൂഷണരഹിതവും നീതിപൂർവകവുമായ സാമൂഹിക വ്യവസ്ഥിതി ഉണ്ടാക്കാനാണ്. ഈ നീതിക്കുവേണ്ടിയായിരുന്നു അദ്ദേഹം ജീവിച്ചത്. പക്ഷേ, അതിന്നും മരീചികയായി നിലകൊള്ളുന്നു. ലോകത്തിൽ ജനിക്കുന്നതിൽ പകുതിപേരിൽ അധികം ഒരുവിധ സ്വത്തവകാശവുമില്ലാതെ ഇവിടെ ജനിച്ചുവീഴുന്നു. വ്യവസായ വിപ്ലവമോ കമ്പ്യൂട്ടർ വിപ്ലവമോ ഇതിന് ഒരു മാറ്റവും ഉണ്ടാക്കിയിട്ടില്ല. ഇന്ത്യയിലെ സ്ഥിതി ഇതിലും മോശവുമാണ്. ലോകത്തിൽ സ്വന്തമാക്കാനാവുന്ന സ്വത്തിന്റെ ഭൂരിഭാഗവും പത്തു ശതമാനത്തിൽ താഴെ വരുന്നവരുടെ കൈകളിലാണ്. ഭൂമിയിൽ ജനിക്കുന്ന എല്ലാവർക്കും സ്വത്ത് അനുഭവിക്കുവാൻ സാധിക്കുന്ന നീതി ഇവിടെ ഉണ്ടാക്കേണ്ടതുണ്ട് എന്നാണ് കമ്മ്യൂണിസം പറയുന്നത്. കമ്മ്യൂണിസ്റ്റു പാർട്ടി പാവങ്ങൾക്കുവേണ്ടി നിലകൊള്ളുന്നു എന്നാണ് പൊതുധാരണ.

ഇക്കാര്യത്തിൽ കമ്മ്യൂണിസം ക്രിയാത്മകമായി എന്തെങ്കിലും ചെയ്യുന്നു എന്നതല്ല കമ്മ്യൂണിസത്തിന്റെ ചരിത്രങ്ങളായിരിക്കുന്നത്. സ്വകാര്യസ്വത്തിന്റെ നിഷേധമാണു കമ്മ്യൂണിസം എന്നു മാനിഫെസ്റ്റോ പറയുമ്പോഴും ചൈന ഒന്നാംതരം മുതലാളിത്ത ഏകാധിപത്യമാണ്. പഴയ സോവിയറ്റ് യൂണിയനിൽ ഈ നീതി നടപ്പിലാക്കാൻ കഴിയാത്തതിന്റെ പരാജയമാണ് ഇവിടെ കമ്മ്യൂണിസ്റ്റ് സാമ്രാജ്യത്തിന്റെ തകർച്ച. കേരളത്തിൽ ഭരണം തൃശൂർ പൂരത്തിന്റെ കുടമാറ്റം പോലെയാണ്. ഇരുമുന്നണികൾക്കും ആവർത്തിച്ചു ഒന്നിടവിട്ട് ഭരിക്കാൻ ജനം വിധിക്കുന്നു. ഇവിടെയും ഭരിക്കുന്നവർ അധികാരത്തിൽ വരുന്നതു

ശേഷം പേജ് 8-ൽ

WEBSITE
vedahimani.com
FACE BOOK
vedahimani
MAIL
vedahimani@gmail.com
YouTube
vedabhimani

# VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2018-2020
Licence No. KL/CR/MVK/WPP-03/2018-20
Licensed to post without prepayment
Posted on 15,20 Nov: 2020 at RMS Kayamkulam
Published on Ist Nov: 2020
RNI Registered No. KERMAL/2002/7361



## പ്രസാദകരമായ ജീവിതം

**മില്ലർ** എന്നൊരാൾ മകനുമായി ചന്തയിൽ പോകുകയായിരുന്നു. മില്ലർ കഴുതപ്പുറത്ത്. മകൻ കാൽനടയായി. നാട്ടുകാർ ഇതു ശ്രദ്ധിച്ചു. അവർ പറഞ്ഞു, "ഇയാൾ എന്തൊരു ദുഷ്ടനാണ്! ആ പാവം ചെറുക്കനെ നടത്തിയിട്ട് ഇയാൾ കഴുതപ്പുറത്ത് സവാരി ചെയ്യുന്നു! ഇതു മര്യാദയാണോ?"

അതു കേട്ടപ്പോൾ മില്ലർക്കു സങ്കടമായി. അദ്ദേഹം കഴുതപ്പുറത്തു നിന്നിറങ്ങി. മകൻ കഴുതപ്പുറത്തു കയറി. പിന്നെയും അവർ മുന്നോട്ടുപോയി. ഇത്തവണ പൊതുജനം ആക്ഷേപിച്ചതു മകനെയാണ്. "വയസ്സനെ നടത്തിയിട്ട് ചെറുപ്പക്കാരനായ മകന് ഇങ്ങനെ യാത്ര ചെയ്യാൻ നാണമില്ലേ?" എന്നവർ ചോദിച്ചപ്പോൾ അതു ശരിയാണെന്നു മകനും തോന്നി.

എങ്കിൽ രണ്ടുപേരും ഒന്നിച്ച് കഴുതപ്പുറത്തു കയറി യാത്ര ചെയ്യാമെന്ന് അവർ തീരുമാനിച്ചു. അപ്പോൾ പിന്നെ ഒരാക്ഷേപവും ഉണ്ടാവുകയില്ലല്ലോ! പക്ഷേ ഇക്കുറി ആക്ഷേപം വന്നത് മറ്റൊരു നിലയിലാണ്. മൃഗസ്നേഹികളായ നാട്ടുകാർ മൂക്കിൽ വിരൽ വച്ചു: "ഇതെന്തൊരു ക്രൂരത! രണ്ടുപേർ ഒരു കഴുതപ്പുറത്തോ? സത്യത്തിൽ ഇവന്മാരെ ചുമക്കുന്നതിനു പകരം ഇവന്മാർ ആ കഴുതയെ ചുമക്കുകയാണ് വേണ്ടത്."

"അങ്ങനെയെങ്കിൽ അങ്ങനെ" എന്നു മില്ലറും മകനും തീരുമാനിച്ചു. അവർ കഴുതയുടെ നാലു കാലും കൂട്ടിക്കെട്ടി ഇടയിലൂടെ ഒരു മരക്കമ്പുകടത്തി കമ്പിന്റെ രണ്ടറ്റവും തോളിൽ വഹിച്ച് കഴുതയെ ചുമന്നുകൊണ്ട് നടക്കാൻ തുടങ്ങി. പൊതുജനത്തിനു അതു രസകരമായ കാഴ്ചയായിരുന്നു. അവർ പറഞ്ഞു: "അതു കണ്ടോ? രണ്ടു കഴുതകളും കൂടി മൂന്നാമതൊന്നിനെ ചുമന്നുകൊണ്ടു നടക്കുന്നു."

മില്ലർക്കും മകനും മടുത്തു. അവർ കഴുതപ്പുറത്തു കയറുകയും കഴുതയെ പുറത്തു കയറ്റുകയും ചെയ്തതല്ലേ ഈ വിമർശനങ്ങളെല്ലാം ക്ഷണിച്ചുവരുത്തിയത്. ഇനി അതു വേണ്ട. ആർക്കും ഒരാക്ഷേപത്തിനും ഇടകൊടുക്കാതിരിക്കാനായി കഴുതയെ മുൻപിൽ നടത്തി രണ്ടുപേരും പിന്നാലെ നടക്കാൻ തുടങ്ങി. അതിനെക്കുറിച്ചും ആളുകൾക്ക് അഭിപ്രായം ഉണ്ടായിരുന്നു. അവർ പറഞ്ഞു: "എന്തൊരു വിഡ്ഢികൾ! സ്വന്തമായിട്ടൊരു കഴുതയുണ്ടായിട്ട് വെറുതെ നടന്നു കഷ്ടപ്പെടുന്നു!". എല്ലാവരുടെയും അഭിപ്രായങ്ങൾ അനുസരിച്ചു ജീവിച്ച മില്ലറിനും മകനും ഒടുവിൽ ഒന്നും തൃപ്തികരമായി ചെയ്യാൻ സാധിച്ചില്ല.

"അതുകൊണ്ട് മനുഷ്യരെ തൃപ്തിപ്പെടുത്താൻ



നോക്കാതെ നമുക്ക് ദൈവത്തെ മാത്രം ഭയപ്പെട്ടും പ്രസാദിപ്പിച്ചും മുന്നോട്ടു പോകാം."

## പരാതിയും പിറുപിറുപ്പും



**സ**ഭാശുശ്രൂഷകൻ ഭവനസന്ദർശനത്തിനു ചെന്നപ്പോൾ ഗൃഹനായിക മെതിച്ച നെല്ല് കളത്തിൽ കൂമ്പാരമായി കൂട്ടുകയായിരുന്നു. ശുശ്രൂഷകൻ പറഞ്ഞു: "ദൈവം ഇത്രത്തോളം നല്ല വിളവു തന്നല്ലോ. സ്തോത്രം." എന്നാൽ ആ സ്ത്രീ കളത്തിൽ കൂട്ടിയിട്ടിരുന്ന ഒരു ചെറിയ കൂമ്പാരം പതിര് അദ്ദേഹത്തെ ചൂണ്ടിക്കാട്ടിയിട്ട് പരാതിപ്പെട്ടു: "കണ്ടോ, ഇത്രയും പതിരാണ്. എന്തു ചെയ്യും?"

അടുത്ത വിളവെടുപ്പു സമയത്ത് സഭാശുശ്രൂഷകൻ ചെന്നപ്പോൾ നെല്ല് വീണ്ടും വലിയ കൂമ്പാരമായി കൂട്ടിയിട്ടിരിക്കുന്നു. പതിരിന്റെ കൂമ്പാരം കാണാനേയില്ല. ശുശ്രൂഷകൻ സ്ത്രീയോട്: "ദൈവം ഇത്തവണ കൂടുതൽ നല്ല വിളവു തന്നല്ലോ. പതിരൊട്ടും ഇല്ലല്ലോ." പരാതിക്കാരിയായ സ്ത്രീയുടെ മറുപടി ഇങ്ങനെ: "പതിരില്ല. ശരിയാ. പക്ഷേ ഞാനിനി കോഴികൾക്കു തിന്നാൻ എന്തു കൊടുക്കും?" (കൊലോ.3:17).



## ഞാനറിയുന്ന കമ്മ്യൂണിസം

**7-ാം പേജ് തുടർച്ച**

ജനാധിപത്യത്തിലാണെങ്കിലും ഭരണം ഒരു ഒലിഗാർക്കിയാണ്. അവിടെ ജനമല്ല അടിസ്ഥാനം പാർട്ടിയാണ്.

പാർട്ടിയുടെ താല്പര്യമാണ് സംരക്ഷിക്കപ്പെടുന്നത്. അതു സംരക്ഷിക്കുന്നവർ കോർപ്പറേറ്റുകളും കുത്തകമുതലാളിമാരും വ്യവസായികളുമാണ്. അവരുടെ ചങ്ങാത്തത്തിലാണു പാർട്ടി. ഈ പാർട്ടി താല്പര്യമാണ് ആത്യന്തികമായി നിലനിൽക്കുന്നത്. അതാണ് ഓരോ ദിവസവും ഭരണതല വാർത്തകളായി വരുന്നതിന്റെ പൊരുൾ.

ജനാധിപത്യത്തിൽ തെറ്റും ശരിയും നിശ്ചയിക്കുന്നതു ഭരണഘടനയും കോടതികളുമാണ്. ഇവിടെയാണു പാർട്ടിയുടെ നിറം ശരിയായി നാം കാണുന്നത്. പാർട്ടി നടത്തിയ കൊലപാതകം അവർക്ക് ശരിയാണ്. അതു തെറ്റാണ് എന്നു വിധിക്കാൻ കോടതിയെ അനുവദിക്കുകയില്ല. താൽക്കാലിക ശാന്തിക്കുവേണ്ടി പാർട്ടി തന്നെ പ്രതികളെ കോടതിയിൽ ഹാജരാക്കും. നിയമസഭയ്ക്കകത്ത് കസേരയേറ് നടത്തുന്നവർ ഭരിക്കുമ്പോൾ അതേ നടപടി തെറ്റാകും. കാരണം പാർട്ടിയാകുന്ന ദൈവമാണ് ശരിയും തെറ്റും നിശ്ചയിക്കുക. കിഴക്കൻ ജർമനിയിലേയും ചെക്കോസ്ലോവാക്കിയായിലെയും കമ്മ്യൂണിസത്തെക്കുറിച്ച് ഓസ്ട്രിയയിലെ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ അദ്ധ്യക്ഷനായിരുന്ന സ്തനിസ്ലാവ് ഹോളുബക്ക് എഴുതിയ ലേഖനം ഞാൻ വായിച്ചു. കിഴക്കൻ ജർമനിയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി നടത്തിയ നടപടികളും അവിടെതന്നെ നാസി പാർട്ടി നടത്തിയ നടപടികളും തമ്മിലുള്ള സമാന്തര സമാന സ്വഭാവമാണ് അദ്ദേഹം വിവരിക്കുന്നത്. എന്തുകൊണ്ട് നാസിസവും മാർക്സിസവും സമാന ക്രൂരതകൾ നടത്തി? ഒറ്റ കാരണം ശരിതെറ്റുകളുടെ ഏക മാനദണ്ഡം പാർട്ടിയാണു രണ്ടിടത്തും. അതിനനുസൃതമായി ഉണ്ടാക്കിയ 'സോവിയറ്റ് മനുഷ്യൻ' പാർട്ടിയുടെ മനുഷ്യസങ്കല്പമായിരുന്നു. ലേഖനം അവസാനിക്കുന്നത് നാം നമ്മുടെ പഴമ പുതുക്കിപ്പണിയണം എന്ന നിശ്ചയത്തിലാണ്. അങ്ങനെ ഒരു ചിന്തയ്ക്കു കേരളത്തിലെ കമ്മ്യൂണിസം വഴിതുറക്കുമോ?



## ഡയെലോഗ്
ടൈറ്റസ് കാർത്തികപ്പള്ളി

☺ മുഖം കാണിക്കാനുള്ള ബുക്കാണോ ഫെയിസ്ബുക്ക്?

ജോമോൾ ഫിലിപ്പ്, ശാസ്ത്രിറോഡ്, ഈസ്റ്റ് ഫോർട്ട്, തൃശൂർ.

☹ ***മുഖം നഷ്ടപ്പെട്ടവരുടെ അഭയകേന്ദ്രമാണത്.***

☺രാഷ്ട്രീയ പ്രവർത്തകരുടെ മക്കളെപ്പറ്റിയുള്ള വാർത്തകൾ വരുമ്പോൾ, ആത്മീയ നേതാക്കൾ ശ്രദ്ധിക്കേണ്ട കാര്യം?

അലക്സ് യോഹന്നാൻ, വെള്ളൂർ, മാവള്ളൂർ, എറണാകുളം.

☹***കുടുംബത്തോടെ കൊള്ളയടിക്കാൻ ഇറങ്ങരുത്.***

☺മുഖംമൂടികളുമായി നടന്നവർക്ക് മാസ്ക്ക് ഒരു രക്ഷാകവചമായി എന്നുപറഞ്ഞാൽ?

സി. വി. കുഞ്ഞുമ്മൻ, ഊട്ടുപാറ, കോന്നി, പത്തനംതിട്ട

☹***അവസാനരംഗത്ത് മാസ്ക്ക് അഴിച്ച് അഭിനയിച്ചവരുടെ മുഖം പരിചയപ്പെടുത്തുന്ന ഒരു രംഗമുണ്ട് എന്ന കാര്യം മറക്കാതിരിക്കുക.***

☺നല്ല നല്ല കാര്യങ്ങൾ ചെയ്യുന്ന സർക്കാരിന് എന്തുകൊണ്ടാണ് മാനഹാനിയും അധികാരനഷ്ടവും സംഭവിക്കുന്നത്?

ജേക്കബ് ഡെനിസൺ, കങ്ങഴ, ഇടയപ്പാറ, കോട്ടയം

☹***എത്ര നല്ല കാര്യങ്ങൾ ചെയ്താലും ചെലോത് ശരിയാവും ചെലോത് ശരിയാവൂല.***

☺ഷോപ്പ് ഓൺ വീൽസ് എന്ന പേരിൽ പഴയ സർക്കാർ ബസ്സുകൾ തട്ടുകടകളാക്കി മാറ്റുന്നതിനെക്കുറിച്ച്.

പി. കെ. ചാക്കോച്ചി, കുട്ടിക്കൽ, നാരകപ്പുഴ, മുണ്ടക്കയം.

☹ ***"ഷോപ്പ് ഓൺ കട്ടപ്പുറം" എന്നുമതി.***

☺ആത്മീയ നേതാക്കന്മാരുടെ രാജയോഗം കാണുമ്പോൾ എന്തു തോന്നുന്നു.

ജോയമ്മ ഈപ്പൻ, ഇലന്തൂർ, വാര്യാപുരം, പത്തനംതിട്ട

☹***വരമ്പത്തല്ലെങ്കിലും കൂലി കിട്ടാതിരിക്കില്ല.***

☺ സൗജന്യമായി കിട്ടിയ കിറ്റിലെ പപ്പടം വറത്താൽ കഴിക്കണമെങ്കിൽ ചുറ്റിക വേണം.

എൽസമ്മ ആന്റണി, കോടിക്കുളം, പാറപ്പുഴ, തൊടുപുഴ.

☹ ***തകർക്കാൻ പറ്റാത്ത വിശ്വാസവുമായി നിൽക്കുന്ന മലബാർ സിമന്റിന്റെ പപ്പടമായിരിക്കും അത്.***




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally